കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പാണാവള്ളി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി9-173/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പു

തീയതി. 07.02.2019

ഫോൺ : 0477 2252753

ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

.
.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാണാവള്ളി ഗ്രാമ പഞ്ചായത്ത്

.
.

സർ,

വിഷയം : പാണാവള്ളി ഗ്രാമ പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണാവള്ളി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായ ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി9-173/19 തീയതി – 07.02.2019

# ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 06.08.2017 മുതൽ 20.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 20.12.2018 മുതൽ<br>31.12.2018 വരെ | ശ്രീമതി. വി. മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. പ്രശോഭൻ. കെ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. രാജിമോൾ. പി. സി, ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികള്**

**1. പ്രസിഡന്റ്**

| | |
|---|---|
| ശ്രീ. രാജേഷ് വിവേകാനന്ദ | 01.04.2017 മുതൽ 31.03.2018 വരെ |

**2. സെക്രട്ടറി**

| | |
|---|---|
| ശ്രീ. അജ്മൽ. ജെ | 01.04.2017 മുതൽ 21.01.2018 വരെ |
| ശ്രീമതി. പ്രസന്നകുമാരി. എൽ | 22.01.2018 മുതൽ 31.03.2018 വരെ |

**3. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. സിന്ധു ബീവി | 01.04.2017 മുതൽ 26.12.2017 വരെ |
| | | ശ്രീമതി. ഷീബ സത്യൻ | 27.12.2017 മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീ. പ്രേംലാൽ | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി. ഷീബാ സത്യൻ | 01.04.2017 മുതൽ 25.12.2017 വരെ |
| | | ശ്രീമതി. ഷീല കാർത്തികേയൻ | 03.02.2018 മുതൽ 31.03.2018 വരെ<br>(26.12.2017 – 02.02.2018 വേക്കന്റ്) |
| 4 | ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീ. പി. കെ. സുശീലൻ | 01.04.2017 മുതൽ 31.03.2018 വരെ |

**4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ഷെറിൻ ഫിലിപ്പ് | 01.04.2017 മുതൽ 07.07.2017 FNവരെ |
| | ശ്രീമതി. സിന്ധു. എം | 07.07.2017 AN മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ. അരുൺ മിത്ര | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. രാജേശ്വരി | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ദിവ്യ. സി. ബി | 01.04.2017 മുതൽ 31.03.2018വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീമതി. പൊന്നമ്മ. കെ. ജെ | 01.04.2017 മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ. മനു ജയൻ. ഒ. എ | 01.04.2017 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. മോളി. ഇ | 01.04.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. സുബാഷ് കുമാർ. പി | 01.04.2017 മുതൽ 30.11.2017 FN വരെ |
| | ശ്രീമതി. റെനി സെബാസ്റ്റ്യൻ | 30.11.2017AN മുതൽ 11.01.2018FNവരെ |
| | ശ്രീമതി. നിഷ. എം. ബി | 11.01.2018AN മുതൽ 31.03.2018 വരെ |
| എച്ച്.എം, യു.പി.എസ് | ശ്രീമതി. മൈഥിലീദേവി | 01.04.2017 മുതൽ 31.03.2018വരെ |
| വി.ഇ.ഒ. തൃച്ചാറ്റുകുളം | ശ്രീമതി. സജിത. എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. ഓടമ്പള്ളി | ശ്രീ. ഡേവിഡ് ജോസ് | 01.04.2017 മുതൽ 04.11.2017FNവരെ |
| | ശ്രീ. രജീഷ്. ടി. എസ് | 04.11.2017AN മുതൽ 31.03.2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സതീഷ് കുമാർ. കെ. പി | 01.04.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ജയറാം നായ്ക്കൻ | 01.04.2017 മുതൽ 31.03.2018വരെ |

<u>**ഉള്ളടക്കം**</u>



| ക്രമ നം | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |

| | | |
|---|---|---|
| 1 | 1-1 മുതൽ<br>1-13 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1(1) | വസ്തു നികുതി – നികുതി നിർണ്ണയത്തിലെ അപാകതകൾ |
| 3 | 2-1(2) | വസ്തു നികുതി – നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല. |
| 4 | 2-1(3) | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നില്ല. |
| 5 | 2-1(4) | ഡി & ഒ ലൈസൻസ് ഫീസ് പിരിവ് അപാകതകൾ |
| 6 | 2-1(5) | തൊഴിൽ നികുതി – അപാകതകൾ |
| 7 | 2-1(6) | മത്സ്യ കൃഷിക്കായി പൊതു തോട് ഉപയോഗിക്കുന്നതിനുള്ള ഫീസ് പൂർണ്ണമായി ഒടുക്കിയിട്ടില്ല. |
| 8 | 2-1(7) | ലേലം നടത്തിയിട്ടില്ല. |
| 9 | 2-1(8) | വാടക – അപാകതകൾ |
| 10 | 2-1(9) | ടെണ്ടർ ഫീ – ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. |
| ഭാഗം – 3 | | |
| 11 | 3-1(1) | ഫണ്ട് വിനിയോഗത്തിലെ വീഴ്ച- 47.30 ലക്ഷം പാഴായി |
| 12 | 3-1(2) | സാക്ഷരതാ പ്രേരക്മാരുടെ വേതനം – തനതുഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല. |
| 13 | 3-2(1) | എൽ.പി. സ്കൂളുകൾക്ക് ലൈബ്രറി – പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ |
| 14 | 3-2(2) | മഴമറ – അധിക സബ്സിഡി നൽകി |
| 15 | 3-2(3) | വി.ഇ.ഒ ഓഫീസ് നവീകരണം – എസ്റ്റിമേറ്റ് പ്രകാരമുള്ള ഫർണ്ണീച്ചർ വിതരണം നടത്തിയില്ല. |
| 16 | 3-2(4) | കാർഷിക പദ്ധതികളുടെ വിശദാംശങ്ങൾ നൽകുന്നത് |
| 17 | 3-2(5) | തെരുവ് വിളക്ക് റിപ്പയർ – വിതരണ വിവരങ്ങളില്ല |
| 18 | 3-2(6) | തെരുവ് വിളക്കുകളുടെ റിപ്പയർ – എല്ലാ അറ്റകുറ്റപ്പണികൾക്കും ഉയർന്ന നിരക്കിൽ കരാർ നൽകി |
| 19 | 3-2(7) | സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികളിലെ അപാകങ്ങൾ |
| 20 | 3-2(8) | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 21 | 3-2(9) | അംഗീകാരം ലഭിച്ച പദ്ധതികൾ ഉപേക്ഷിക്കപ്പെടുന്നു. പദ്ധതി ആസൂത്രണത്തിലെ വീഴ്ച |
| 22 | 3-2(10) | മത്സ്യ സഭ – യോഗം ചേർന്നിട്ടില്ല |
| 23 | 3-2(11) | പൊതുമരാമത്ത് വർക്ക് – വികസന കാഴ്ചപ്പാടില്ല. |
| 24 | 3-3(1) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫീർണ്ണീച്ചർ – അധിക തുക ചെലവഴിച്ചു. |
| 25 | 3-3(2) | വനിതാ കൈത്തറി യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് S0140/18 |
| 26 | 3-3(3) | ഓട്ടോ ടാക്സി വിതരണം – മാർഗ്ഗരേഖ പ്രകാരമല്ലാതെ നടപ്പാക്കി |
| 27 | 3-3(4) | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ – അധിക തുക അനുവദിച്ചു. |
| 28 | 3-3(5) | അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ |
| 29 | 3-3(6) | ഭവന പുനരുദ്ധാരണം (എസ്. സി) – പണി പൂർത്തീകരിച്ച രേഖകൾ ലഭ്യമല്ല. |
| 30 | 3-3(7) | വനിതാ ശിശു വികലാംഗ ക്ഷേമം – പ്രവർത്തനങ്ങൾ പരാജയം |
| 31 | 3-3(8) | ഭവന പുനരുദ്ധാരണം – മുൻകൂർ കൈപ്പറ്റി – പ്രവൃത്തി പൂർത്തിയാക്കിയില്ല. |
| 32 | 3-4(1) | തനത് ഫണ്ട് ചെലവ് – അപാകതകൾ |
| 33 | 3-4(2) | ആയുർവ്വേദ മരുന്നുകൾ ലഭിച്ചിട്ടില്ല. |
| 34 | 3-4(3) | പാലിയേറ്റീവ് കെയർ |
| 35 | 3-4(4) | പാലിയേറ്റീവ് കെയർ – മരുന്നുകൾ ലഭിച്ചില്ല |
| 36 | 3-4(5) | പ്രീ പ്രൈമറി ജീവനക്കാരുടെ വേതനം – രേഖകൾ ഹാജരാക്കിയില്ല. |
| 37 | 3-4(6) | സാക്ഷരത തുല്യതാ പഠനം ഫീസ് നൽകൽ – രേഖകൾ ഹാജരാക്കിയില്ല. |
| 38 | 3-4(7) | ഖരമാലിന്യ സംസ്കരണം |
| ഭാഗം – 4 | | |
| 39 | 4-1 മുതൽ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

| | | |
|---|---|---|
| | 4-10 വരെ | |
| 40 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 41 | അനുബന്ധം 2 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

27.03.2017 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 20.03.2018 തീയതിയിലെ 28(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 188482315 | 183332750 |

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ അനുശാസിക്കുന്ന നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കുകയോ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.
2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ഉറപ്പുവരുത്തിയിട്ടില്ല.
3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കിയതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.
4. പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയിൽ നടത്തിയിട്ടില്ല.

നടപടിക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവുചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 06.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | KSA-ALP-GA4-1126(58)/2018 തീയതി. 06.07.2018 | വിശേഷണങ്ങളോടുകൂടിയത് |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 28967583 |
| വരവ് | 84867140 |
| ആകെ | 113834723 |
| ചെലവ് | 86929660 |
| നീക്കിയിരിപ്പ് | 26905063 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 20047820 | 20047820 | 16935894 | 3111926 |
| വികസനഫണ്ട് എസ്.സി.പി | 0 | 7941500 | 7941500 | 7352098 | 589402 |
| വികസനഫണ്ട് – ടി.എസ്.പി | 0 | 443053 | 443053 | 441180 | 1873 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 0 | 3251770 | 3251770 | 3028960 | 222810 |
| മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് | 0 | 4820000 | 4820000 | 4750165 | 69835 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 9308552 | 9308552 | 9274579 | 33973 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 717122 | 717122 | 16368 | 700754 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 15978913 | 10556000 | 26534913 | 16398611 | 10136302 |
| എസ്.ബി.ഐ സീറോ ബാലൻസ് | 0 | 698496 | 698496 | 0 | 698496 |
| എസ്.ബി.ഐ ടോട്ടൽ സാനിട്ടേഷൻ | 405189 | 1900100 | 2305289 | 700749 | 1604540 |
| ADCB ലിറ്ററസി | 33950 | - | 33950 | 50 | 33900 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 900000 | 2461932(*) | 3361932 | 2920259 | 441673 |
| എം.എൻ.ആർ.ഇ.ജി.എസ്. | 13407 | 762509 | 775916 | 764864 | 11052 |
| എസ്.ബി.ഐ തനതുഫണ്ട് | 3434924 | 2231686 | 5666610 | 2414620 | 3251990 |
| തനത് ഫണ്ട് | 7125703 | 24063513 | 31189216 | 21557485 | 9631731 |
| ബി ഫണ്ട് | 0 | 533760 | 533760 | 533760 | 0 |
| ക്യാഷ് (തനത് ഫണ്ട്) | 373778 | 362596 | 736374 | 373778 | 362596 |
| എസ്.ബി.ഐ. സാലറി അക്കൗണ്ട് | 362573 | 13658 | 376231 | 0 | 376231 |
| എസ്.ബി.ഐ. നോൺ ബാങ്കിംഗ് | 316133 | 15006 | 331139 | 0 | 331139 |
| ADCB | 23013 | 2400 | 25413 | 0 | 25413 |

കുറിപ്പ്: ജോയിന്റ് വെഞ്ചർ അക്കൌണ്ടിലെ വരവിൽ ഐ.സി.ഡി.എസ്. ഷെയർ 681932/- രൂപയും നെൽകൃഷ വികസനത്തിനുള്ള ഇൻസെന്റീവ് 255000/- രൂപയും ഉൾപ്പെടുന്നു. ട്രാൻസാക്ഷൻ നടക്കാത്ത ബാങ്ക അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനും ബാലൻസ് തുക, ലഭിച്ച ഫണ്ടിന്റെ അടിസ്ഥാനത്തിൽ അതത ശീർഷകങ്ങളിൽ അടവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 86816420 | 122 | 56927018 | 5 | 57 | 66.30 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 13407 | 762509 | 775916 | 764864 | 11052 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17532136 | 17532136 | 17532136 | 0 |
| ആകെ | 13407 | 18294645 | 18308052 | 18297000 | 11052 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 263760 | 420 |
| കർഷകതൊഴിലാളി പെൻഷൻ | 3679100 | 428 |
| വിധവാ പെൻഷൻ | 11491800 | 884 |
| വാർദ്ധക്യകാല പെൻഷൻ | 26464600 | 1830 |
| വികലാംഗ പെൻഷൻ | 4455300 | 326 |
| അവിവാഹിത പെൻഷൻ | 648600 | 50 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 270000 | 9 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.12.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി പരിശോധനയിൽ 13885/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമ പഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തര നിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി 02.07.2009-ലെ ജി.ഒ(എം.എസ്.) 123/2009/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം ഫ്രണ്ട് ഓഫീസ് ഡയറി, ഡ്യൂട്ടി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.
2. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത് തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.
3. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
4. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
5. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

8. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
9. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
10. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.2018 | 10/2018, 11/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.06.2016 – 05.07.2016 | 2011-12 മുതൽ 2015-16 വരെ | 24.08.2016 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-18 Advance to implementing agencies – deposit with Kerala State Electricity Board എന്ന ഹെഡ്ഡിൽ തൻവർഷം ഡെപ്പോസിറ്റ് ചെയ്തതും വിനിയോഗിക്കാത്തതുമായ തുകകൾ ഉൾപ്പെടുന്നില്ല.

മറ്റ് അപാകതകൾ KSA-ALP-GA4-1126( 58 )/2018 തീയതി. 06.07.2018 – ൽ പരാമർശിച്ചിട്ടുണ്ട്.

## 1-13 വർക്കിംഗ് ഗ്രൂപ്പുകൾ, വികസനസെമിനാർ, ആസൂത്രണ സമിതി - പ്രവർത്തനം കാര്യക്ഷമമല്ല

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതായ രണ്ടു പ്രധാന ചുമതലകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസന സെമിനാറിന്റേയും പരിശോധനയ്ക്ക് സമർപ്പിക്കുക എന്നിവയാണ്. അവ ഫലപ്രദമായി നിറവേറ്റണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രമീകരിക്കേണ്ടതാണ്. അതിനാൽ ഈ രണ്ടു ദൗത്യങ്ങളും നിർവ്വഹിക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരണമെന്നുള്ളത് അനിവാര്യമാണ്. ഇപ്രകാരം കൂടുന്ന യോഗങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ നിശ്ചയമായും പങ്കെടുക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾ യഥാസമയം യോഗം ചേരുന്നതിലും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ ചർച്ച നടത്തുന്നതിലും വീഴ്ച വരുത്തിയതായി വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തെ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ 08.03.2017 തീയതിയിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ 08.03.2017-ലെ യോഗത്തിൽ 3 പേർ മാത്രമാണ് ഒപ്പിട്ടുള്ളത് യോഗത്തിന്റെ മിനിട്സ് എഴുതിയിട്ടില്ല. പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പ്, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ യോഗത്തിന്റെ മിനിട്സ് എഴുതിയിട്ടില്ല. ആരോഗ്യ വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സിൽ 2017-18 വർഷം യോഗം ചേർന്നതിന്റെ വിവരങ്ങളൊന്നും തന്നെയില്ല. മേൽ സൂചിപ്പിച്ച വിവരങ്ങളിൽ നിന്നും പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിലും പൂർത്തീകരണഘട്ടത്തിലും വർക്കിംഗ് ഗ്രൂപ്പുകളുടെ സജീവ സാന്നിദ്ധ്യമില്ല എന്നത് വ്യക്തമാണ്. ഓരോ പ്രോജക്ടിന്റേയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ ഉറപ്പുവരുത്താൻ ഉത്തരവാദപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ കർത്തവ്യം നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. പ്രോജക്ടുകൾ നടപ്പാക്കിയതിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ

മോണിറ്ററിംഗ് സമിതികളായി മാറേണ്ടതാണ്. എന്നാൽ പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തുന്നതിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വീഴ്ച വരുത്തിയിട്ടുണ്ട്.

പരമാവധി ജന പങ്കാളിത്തത്തോടെ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം നൽകുക എന്നതാണ് വികസനസെമിനാറിന്റെ ലക്ഷ്യം. വികസനസെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിലെ വിവിധ മേഖലകളിലെ വർക്കിംഗ്ഗ് ഗ്രൂപ്പ് മിനിട്സ് ബുക്കുകളിൽ തന്നെയാണ് വികസനസെമിനാർ മിനിട്സും രേഖപ്പെടുത്തിയിട്ടുള്ളത് 29.05.2017-ലാണ് വികസനസെമിനാർ നടത്തിയിട്ടുള്ളത്. എന്നാൽ പൊതുഭരണം, ദാരിദ്ര്യ ലഘൂകരണം മൃഗസംരക്ഷണവും ക്ഷീരവികസനവും, ആരോഗ്യം തുടങ്ങിയ മേഖലകളിൽ വികസനസെമിനാർ നടത്തിയതിന്റെ വിവരങ്ങൾ മിനിട്സിൽ ഇല്ല. പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്നാണ് മേൽ സൂചിപ്പിച്ചതിൽ നിന്നും വ്യക്തമാകുന്നത്.

# ആസൂത്രണസമിതി

30.01.2017-ലെ പഞ്ചായത്ത് കമ്മറ്റി യോഗത്തിലെ തീരുമാനം 9(9) പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട 14 അംഗങ്ങളുള്ള ആസൂത്രണസമിതി അംഗീകരിച്ചു. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, തദ്ദേശഭരണ പ്രദേശത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക എന്നീ ലക്ഷ്യങ്ങളോടെ രൂപീകരിച്ചിട്ടുള്ള ആസൂത്രണസമിതിയുടെ യോഗങ്ങളിൽ ക്രിയാത്മകവും സജീവവുമായ ചർച്ചകൾ നടന്നിട്ടില്ല. പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനം നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകിയിട്ടില്ല. മുൻകാല പ്രോജക്ടുകളിൽ നിന്നും വ്യത്യസ്തവും പ്രദേശത്തിന്റെയും ജനങ്ങളുടെയും വികസനത്തിനും ക്ഷേമത്തിനും അനുയോജ്യമായ പ്രോജക്ടുകൾ കണ്ടെത്തുന്നതിനും ആവശ്യമായ ചർച്ചകളൊന്നും തന്നെ ആസൂത്രണസമിതി യോഗങ്ങളിൽ നടന്നിട്ടില്ല. സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചന നടത്തിയിട്ടില്ല. 2017-18 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി 14.02.2017-ൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ഈ യോഗത്തിൽ 6 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. ആസൂത്രണസമിതി പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തി എന്നാണ് മേൽ സൂചിപ്പിച്ചതിൽ നിന്നും വ്യക്തമാകുന്നത്.

## ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ

# 2-1(1) വസ്തുനികുതി - നികുതി നിർണ്ണയത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് അസസ്സ്മെന്റ് രജിസ്റ്റർ, ഫോറം 6 എന്നിവ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ശ്രീ സജിത്ത്, പുതിയപുന്നത്തറ എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുപയോഗിച്ചുവരുന്ന 12/555L നമ്പർ കെട്ടിടത്തിന്റെ വിസ്തീർണ്ണം 143 ച.മീ. ആണ്. ചതുരശ്ര മീറ്ററിന് 70/- രൂപ നിരക്കിൽ നികുതി ഈടാക്കാവുന്ന ഈ കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി 50/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

   അടിസ്ഥാന വസ്തുനികുതി =10,010/- (143*70)

   അടിസ്ഥാന നികുതിയിന്മേലുള്ള

   ഇളവ്20% (മേൽക്കൂര10%,മേഖല10%) = 2002

ഈടാക്കേണ്ടിയിരുന്ന നികുതി= 8008/- (10,010-2002)

ഈടാക്കിയ നികുതി = 5720/-

കുറവ് വന്ന തുക = 2288/-

2. ശ്രീ. ഗോപാലകൃഷ്ണൻ, പുതുശ്ശേരിൽ എന്നയാൾ നിർമ്മിക്കുന്ന ഭാഗീകമായി പണി പൂർത്തിയാക്കിയ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിലെ മൂന്ന് കടമുറികളുടെ പണി പൂർത്തീകരിച്ച് കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. ഹാജരാക്കിയ കംപ്ലീഷൻ പ്ലാൻ പ്രകാരം ഈ കടമുറികളുടെ ആകെ വിസ്തീർണ്ണം 77.07 ച.മീ ആണ്. എന്നാൽ നികുതി നിർണ്ണയിച്ചപ്പോൾ 61.23 ച.മീറ്ററിനാണ് നികുതി നിർണ്ണയിച്ചതായി കാണുന്നത് സ്ഥലപരിശോധന നടത്തി ടി മുറികളുടെ യഥാർത്ഥ വിസ്തീർണ്ണം തിട്ടപ്പെടുത്തേണ്ടതും, വ്യത്യാസം ഉണ്ടെങ്കിൽ നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. ഒന്നിൽ കൂടുതൽ വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി

സ.ഉ.(എം.എസ്)358/15ത.സ്വ.ഭ.വ.തീയതി.16-12-2015 പ്രകാരം 60 $M^2$ ൽ താഴെ വിസ്തീർണ്ണമുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിന് 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതി ഒഴിവാക്കിയിരുന്നു. ഇപ്രകാരം നികുതിഒഴിവ് നല്കുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം കർശനമായും സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഒരേ ഉടമയുടെ പേരിലുള്ള ഒന്നിലധികം വാസഗൃഹങ്ങൾക്ക് മേൽ ഉത്തരവ് പ്രകാരം നികുതി ഒഴിവാക്കി നൽകിയിട്ടുള്ളയായി അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിരവധി വീടുകൾക്ക് ഇത്തരത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഉദാഃ-

1) ശ്രീ. ചന്ദ്രബാബു, കളപ്പുരയ്ക്കൽ എന്നയാളുടെ 18/257A, 18/257B നമ്പരിലുള്ള വീടുകൾ
2) ശ്രീ. വിനീഷ്, മറ്റത്തിൽവെളി എന്നയാളുടെ 6/553 B, 553D നമ്പരിലുള്ള വീടുകൾ

60$m^2$ ൽ താഴെയുള്ള വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുള്ളത് പുനഃപരിശോധിക്കേണ്ടതും, ഒരു വ്യക്തിയുടെ തന്നെ ഒന്നിലധികം വീടുകൾക്ക് നൽകിയിട്ടുള്ള നികുതി ഇളവ് നീക്കി, നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിൽ അൻപതിൽപ്പരം റിസോർട്ടുകൾ ഉള്ളതായി കാണുന്നു. ഇവയിൽ നിന്നും വർഷം തോറും ലക്ഷക്കണക്കിന് രൂപ പഞ്ചായത്തിന് ലഭിക്കേണ്ടതായിരുന്ന ഈ സ്ഥാപനങ്ങൾ 2013-14 മുതൽ നികുതി ഒടുക്കിയിട്ടില്ല. ഇവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട കോടതിയിൽ കേസ് നടക്കുന്നതിനാൽ നിലവിൽ ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല. ആയതിനാൽ തന്നെ ഇതിൽ നിന്നുള്ള ഒരു വരുമാനവും പഞ്ചായത്തിന് ലഭിക്കുന്നില്ലായെന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. ഇത് സംബന്ധിച്ച ഫയലുകൾ പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ച് നികുതി, കുടിശ്ശിക സഹിതം ഈടാക്കുന്നതിന കെട്ടിട ഉടമകൾക്ക് കത്ത് നൽകുന്നതാണെന്നറിയിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് കുറവ വന്ന 2288/- രൂപ മുൻകാല പ്രാബല്യത്തിൽ ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട ഏതാനും ചില ഫയലുകൾ മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്. അതിന്റെ പരിശോധനയിൽ തന്നെ നികുതി നഷ്ടം ഉണ്ടായിട്ടുള്ളതിനാൽ പഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ വിശദമായി പരിശോധിച്ച് ആവശ്യമെങ്കിൽ നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-1(2) <u>വസ്തുനികുതി – നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല</u>

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആൻറ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് I-18 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി ഇനത്തിൽ റസിഡൻഷ്യൽ ബിൽഡിംഗിന 96,64,608/- രൂപയും നോൺ റസിഡൻഷ്യൽ ബിൽഡിംഗിന് 2,56,639/- രൂപയും ഡിമാൻറിൽ നിന്നും കുറവ ചെയ്തിട്ടുള്ളതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിശദാംശങ്ങൾ, കമ്മിറ്റ തീരുമാനം, ഇത് സംബന്ധിച്ച പരിശോധനാ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ കെട്ടിടങ്ങളുടെ ഡിമാൻറിൽ വ്യത്യാസം വരുത്തുമ്പോൾ വ്യക്തമായ പരിശോധനാ റിപ്പോർട്ട്, കമ്മിറ്റി തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ചെയ്യേണ്ടതും ഫയലുകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമായിരുന്നു. ഇത്തരത്തിലൊരു വലിയ സംഖ്യ ഡിമാൻറിൽ നിന്നും ഒഴിവാക്കുമ്പോൾ, കൃത്യമായ രേഖകളുടെ അഭാവത്തിൽ ടി കെട്ടിടങ്ങളുടെ നികുതി എന്നേക്കുമായ വരുമാനത്തിൽ നിന്നും നഷ്ടപ്പെടുവാൻ സാധ്യതയുണ്ട്. ആയതിനാൽ ഈ വിഷയം ഗൗരവമായ പരിശോധിക്കേണ്ടതും നികുതി ഈടാക്കേണ്ട ഒരു കെട്ടിടത്തെയും ഡിമാൻറിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല എന്ന ഉറപ്പ് വരുത്തേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-1(3) <u>മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നില്ല.</u>

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള അസ്സസ്മെൻറ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള 6 മൊബൈൽ ടവറുകളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ 3 ടവറുകൾ കൃത്യമായി നികുത ഒടുക്കിവരുന്നു. എന്നാൽ 2 ടവറുകൾ 2013-14 മുതൽ നികുതി ഒടുക്കിയിട്ടില്ല. ആകെ മൊബൈൽ ടവറുകളുടെ എണ്ണം നികുതി കുടിശ്ശികയുള്ള ടവറുകളുടെ എണ്ണം, കുടിശ്ശിക തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല കുടിശ്ശിക തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം./കെട്ടിട നം. | ടവർ | കുടിശ്ശിക തുക |
|---|---|---|
| 7/190/B | SUB DIVISIONAL ENGINEER,<br>BSNL MOBILE SERVICE | 32130/- (2013-14 മുതൽ) |
| 7/222/B | Wireless Tata Tele Service Ltd.<br>S.L Plaza, Palarivatam | 27216/- (2013-14 മുതൽ) |
| 12/176/ | Assar Telicom Infrastructure (p) Ltd<br>North Railway Station, Cochin – 18 | 14488/- (2016-17 മുതൽ) |
| ആകെ | | 73834/- |

ഫയൽ പരിശോധനയ്ക്ക് നൽകാത്തതിനാൽ മേൽ ടവർ ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. നിലവിൽ ഈ ടവറുകളുടെ പ്രവർത്തനത്തിന് മറ്റ് തടസ്സങ്ങളൊന്നും ഇല്ലാത്തതിനാൽ നികുതി ഒടുക്കാതെ തന്നെ ഇവ ഇപ്പോഴും സുഗമമായി പ്രവർത്തിച്ചു വരുന്നു. ഈ ടവറുകളുടെ നികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-1(4) <u>ഡി & ഒ ലൈസൻസ് ഫീസ് പിരിവ് അപാകതകൾ</u>

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ഡി & ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ പല സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ ചുമത്താവുന്നതിലും കുറഞ്ഞനിരക്കിൽ ഫീസ് ഈടാക്കിയിട്ടുള്ളതായും വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികളുപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ലാത്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>ലൈസൻസ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു.</u>

ഡി&ഒ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം പഞ്ചായത്ത് നൽകുന്ന ഏതൊരു ലൈസൻസിനും പട്ടിക I ൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക ലൈസൻസ് ഫീസായി ചുമത്താവുന്നതാണ് താഴെപ്പറയുന്ന സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ദിവസേനയുള്ള

വിറ്റുവരവിന് ആനുപാതികമായി ഈടാക്കാവുന്നതിലും കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്.

| വാർഡ് നം./ കെട്ടിട നം. | സ്ഥാപനം/ഉടമയുടെ പേര് | ദിവസേന യുള്ള വിറ്റുവരവ് | ഈടാക്കാ വുന്ന ഫീസ് | ഈടാ ക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| 10/16 | ജോയീസ് എന്റർപ്രൈസസ് (കയർ മാറ്റ്സ് നിർമ്മാണം, വിപണനം), ജോയ്. പി | 20,000 | 500 | 300 | 200/- |
| 6/150 | ശ്രീകാന്ത് ട്രേഡേഴ്സ്, ശ്രീകാന്ത് | 50,000 | 1000 | 300/- | 700/- |
| ആകെ | | | | | 900/- |

2. <u>**യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായ ഫീസ് ഈടാക്കിയില്ല**</u>

ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ചുമത്താവുന്ന ഫീസ് ഈടാക്കിയിട്ടില്ല.

| വാർഡ്/ കെട്ടിട നം | സ്ഥാപനം/ഉടമയുടെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| 4/588 | നബീൽ ഐസ് പ്ലാന്റ്, നവാസ് ഷാ (മാനേജിംഗ് പാർട്ണർ) | 68.5 HP | 1000/- | - | 1000/- |
| 2/10 | കെ. എം. ബഷീർ, ഐസ് പ്ലാന്റ് | 50HP | 500/- | - | 500/- |
| 2/181 | കെ. പി. ഇസ്മയിൽ, റഹീം | 60HP | 1000/- | - | 1000/- |
| | കുഞ്ചരത്ത് വീവ കാർപെറ്റ്സ് (കയർ, കയർ പി.വി.സി.മാറ്റ്സ് നിർമ്മാണം, വിപണനം), ജോയ്. പി | 22.5HP | 300 | 250/- | 50/- |
| 6/151A | ശ്രീകാന്ത്, പൊടിമില്ല് | 10HP | 100 | - | 100/- |
| 7/313B | യൂണിക് ഇൻഡസ്ട്രീസ് (സിമന്റ് ടൈൽ നിർമ്മാണം), വി. എൻ. ജോഷി | 6HP | 100 | - | 100/- |
| 5/126 | സച്ചിൻ സോമിൽ, പുഷ്പകുമാർ | 47 HP | 500/- | 450/- | 50/- |
| 10/16 | ജോയീസ് എന്റർപ്രൈസസ് (കയർ മാറ്റ്സ് നിർമ്മാണം, വിപണനം), ജോയ്. പി | 10 HP | 100/- | - | 100/- |
| 2/162 | ലക്ഷ്മി ഓയിൽ മിൽ, മോഹൻദാസ് | 10 HP | 100/- | - | 100/- |
| ആകെ | | | | | 3000/- |

3. **ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232(1) -ാം വകുപ്പ് പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. പഞ്ചായത്തോഫീസിന് സമീപത്തുള്ള മരതകം കാർഷിക വിപണന കേന്ദ്രം ഡി& ഓ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. പാണാവള്ളി പഞ്ചായത്തിലെ കൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് മാത്രം 2017 നവംബർ മുതൽ 2018 മാർച്ച് വരെയുള്ള കാലയളവിൽ ഇവിടെ നിന്നും 17,47,000/- രൂപയുടെ വാങ്ങൽ നടത്തിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനത്തിൽ നിന്നും ഡി& ഓ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ ചാരിറ്റിക്കായി പ്രവർത്തിക്കുന്ന സ്ഥാപനം ആയതിനാൽ ലൈസൻസ് ആവശ്യമില്ല എന്നാണറിയിച്ചിട്ടുള്ളത്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പാണാവള്ളി പഞ്ചായത്തിന് സമീപമുള്ള പല പഞ്ചായത്തുകളും ജൈവവളങ്ങളും മറ്റും ഈ സ്ഥാപനത്തിൽ നിന്നും വാങ്ങിക്കുന്നുണ്ട്. ആയതിനാൽ തന്നെ ഇത്രയധികം വിറ്റുവരവുള്ള ഒരു സ്ഥാപനം ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് ക്രമവിരുദ്ധമാണ്.ഇപ്രകാരം ലൈസൻസ് ഇല്ലാതെ നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 1996-ലെ കേരള പഞ്ചായത്ത് രാജ (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുസരിച്ചുള്ള നടപടി കൈക്കൊള്ളേണ്ടതും തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

4. **ഡി&ഒ ലൈസൻസ് അപേക്ഷകൾ അപൂർണ്ണം**

പല സ്ഥാപനങ്ങളും ഡി&ഒ ലൈസൻസിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ ദിവസേനയുള്ള വിറ്റുവരവ് ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ചില സ്ഥാപനങ്ങളുടെ 2018-19 സാമ്പത്തിക വർഷത്തെ ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങളാണ് ഹാജരാക്കിയിട്ടുള്ളത്. ഫീസ് ഒടുക്കുന്നതിനായി മറ്റ് സ്ഥാപനങ്ങൾക്ക് കത്ത് നൽകുന്നതാണെന്നറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച തുകകൾ (ലൈസൻസ് ഫീ 3000/-,മോട്ടോർ റണ്ണിംഗ് ഫീസ് 900/-രൂപ) ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയിൽ സ്ഥാപനത്തിന്റെ ഒരു ദിവസത്തെ ശരാശരി വിറ്റുവരവ് ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളുടെ കുതിരശക്തി തുടങ്ങി ഫീസ് നിർണ്ണയിക്കുന്നതിനാവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെന്ന് അപേക്ഷ സ്വീകരിക്കുമ്പോൾ തന്നെ ഉറപ്പുവരുത്തേണ്ടതും ആയതിനനുസരിച്ച് ഫീസ് ചുമത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 2-1(5) തൊഴിൽ നികുതി അപാകതകൾ

തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകൾ, സ്ഥാപന മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവർഷ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | പാണാവള്ളി സർവ്വീസ് കോപറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം. 901 | ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടുണ്ട് |
| 2 | ക്വാളിറ്റി ഫുഡ് പ്രോഡക്ട്സ് | രണ്ടാം അർദ്ധ വർഷം ഒടുക്കിയിട്ടുണ്ട് |
| 3 | ഫുഡ്ക്കോ ഡെലിക്കസീസ് | തുക ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. |
| 4 | തൈക്കാട്ടുശ്ശേരി ബ്ലോക്ക് എൽ.എസ്.ജി.ഡി സബ് ഡിവിഷൻ | ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടുണ്ട് |
| 5 | സി.ഡി.പി.ഒ. ഓഫീസ്, തൈക്കാട്ടുശ്ശേരി ബ്ലോക്ക് | ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടുണ്ട് |
| 6 | ഗ്രാമീൺ ബാങ്ക് | രണ്ടാം അർദ്ധ വർഷം ഒടുക്കിയിട്ടുണ്ട് |

| | | |
|---|---|---|
| 7 | കൊച്ചിൻ മറൈൻ ഫുഡ്സ് | ഒടുക്കിയിട്ടില്ല. |
| 8 | കാട്ടുമന ബാങ്ക് | രണ്ടാം അർദ്ധ വർഷം ഒടുക്കിയിട്ടുണ്ട് |
| 9 | ബഡ്സ് സ്കൂൾ ടീച്ചർ | ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടുണ്ട് |
| 10 | സെഞ്ച്വറി ഷിപ്പിയാർഡ് | ഒടുക്കിയിട്ടില്ല. |
| 11 | CKV ഹോസ്പിറ്റൽ | രണ്ടാം അർദ്ധ വർഷം ഒടുക്കിയിട്ടുണ്ട് |
| 12 | തച്ചാപറമ്പിൽ റസിഡൻസി | ഒടുക്കിയിട്ടില്ല. |
| 13 | മരതകം കാർഷിക വിപണന കേന്ദ്രം | ഒടുക്കിയിട്ടില്ല. |

കൂടാതെ പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയതായി രജിസ്റ്ററിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | അനുഗ്രഹ ബാങ്ക്, തൃച്ചാറ്റുകുളം | ഒടുക്കിയിട്ടില്ല. |
| 2 | കെ.എസ്.ഇ.ബി, പൂച്ചാക്കൽ | ഒടുക്കിയിട്ടില്ല. |
| 3 | മാവേലി സ്റ്റോർ, തൃച്ചാറ്റുകുളം | ഒടുക്കിയിട്ടില്ല. |
| 4 | മുത്തൂറ്റ് ഫിൻകോർപ്പ് ലി., പൂച്ചാക്കൽ | ഒടുക്കിയിട്ടില്ല. |
| 5 | മുത്തൂറ്റ് ഫിൻകോർപ്പ് ലി., തൃച്ചാറ്റുകുളം | രണ്ടാം അർദ്ധ വർഷം ഒടുക്കിയിട്ടുണ്ട് |
| 6 | ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് | രണ്ടാം അർദ്ധ വർഷം ഒടുക്കിയിട്ടുണ്ട് |
| 7 | പാണാവള്ളി സർവ്വീസ് കോപറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം. 1249 | ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടുണ്ട് |
| 8 | ഫുഡ്കോ ഡെലിക്കസീസ് | ഒടുക്കിയിട്ടില്ല. |
| 9 | ക്വാളിറ്റി ഫുഡ് പ്രോഡക്ട്സ് | ഒടുക്കിയിട്ടില്ല. |
| 10 | എസ്.വി.എസ്. സ്പെറ്റ്സി | ഒടുക്കിയിട്ടില്ല. |
| 11 | കാട്ടുമന ബാങ്ക് | ഒടുക്കിയിട്ടില്ല. |
| 12 | അഞ്ചുതറ ഫുഡ് പ്രോഡക്ട്സ് | ഒടുക്കിയിട്ടില്ല. |
| 13 | സൺ പാക്ക് ഇൻഡസ്ട്രീസ് | ഒടുക്കിയിട്ടില്ല. |
| 14 | മരതകം കാർഷിക വിപണന കേന്ദ്രം | ഒടുക്കിയിട്ടില്ല. |

വിശദീകരണം നൽകുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി/സ്ഥാപന നികുതി ഈടാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-1(6) <u>മത്സ്യകൃഷിക്കായി പൊതു തോട് ഉപയോഗിക്കുന്നതിനുള്ള ഫീസ് പൂർണ്ണമായി ഒടുക്കിയിട്ടില്ല.</u>

1. പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന പൂക്കൈത മുതൽ ഉളവെയ്പ്പ് പള്ളിവെളി വരെയുള്ള പൊതുതോട് മത്സ്യകൃഷിക്ക് ഉപയോഗിക്കുന്നതിനായി പഞ്ചായത്തിൽ നിന്നും അനുമതി തേടിയിരുന്ന ഇളംകുളം കർഷക സമിതിയുമായുണ്ടാക്കിയ എഗ്രിമെന്റ് പ്രകാരം 2015-16, 2016-17, 2017-18 വർഷങ്ങളിൽ യഥാക്രമം 2,70,000/- 1,50,000/- 2,00,000/- രൂപ എന്നിങ്ങനെ പാട്ടതുക നൽകിയാണ് മത്സ്യകൃഷിക്കായി സമിതി കരാർ വച്ചിരുന്നത്. പാട്ടതുകയായി നിശ്ചയിക്കുന്ന തുകയുടെ 5% ആണ് പഞ്ചായത്തിൽ ഫീസായി ഒടുക്കേണ്ടത്. എന്നാൽ ഫീസ് നിശ്ചയിച്ചത് സംബന്ധിച്ച കമ്മിറ്റി തീരുമാനം ഹാജരാക്കിയിട്ടില്ല. മേൽ

തുകയുടെ 5% തുകയായ 31,000/- രൂപ (13500+7500+10,000) അതാത് വർഷങ്ങളിൽ പഞ്ചായത്തിൽ ഒടുക്കേണ്ടതായിരുന്നു. എന്നാൽ ഇതിൽ 19,750/- രൂപ മാത്രമാണ് 9.3.18 ൽ രസീത് നം. 117010105994 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത്. ഇതിൽ മുൻവർഷങ്ങളിലെ കുടിശ്ശികയായ 17500/- (2015-16 ലെ 13500/-രൂപയ്ക്കുപകരം 10,000/-രൂപയും 2016-17ലെ 7500/- രൂപയുമുൾപ്പെടെ) രൂപയാണ് ഒടുക്കിയിട്ടുള്ളത്. ഈ തുകയ്ക്ക് പലിശ ഈടാക്കിയിട്ടില്ല. എന്നാൽ മറ്റൊരു തോട് ഉപയോഗിക്കുന്നതിനായി പഞ്ചായത്തിൽ നിന്നും ഇതേ അനുമതി തേടിയ ആറാവേലി പാടശേഖരസമിതി, പാട്ടതുകയുടെ 5% തുക തൻവർഷം തന്നെ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ഇളംകുളം പാടശേഖരസമിതിയിൽ നിന്നും അതാത് വർഷങ്ങളിൽ തുക ഈടാക്കാത്തതിനും മുഴവൻ തുക ഈടാക്കാതിരുന്നതും സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തതയില്ല. 30.4.18ൽ കരാർ കാലാവധി അവസാനിച്ച സാഹചര്യത്തിൽ കുറവ് വന്ന 11,250/-രൂപ പലിശ സഹിതം ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2. കട്ടത്തറ പാടശേഖരസമിതി തോട് ഉപയോഗിക്കുന്നതിനുള്ള അനുമതിക്കുള്ള ഫീസായി 31.3.18 ൽ 10,778/- രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ മത്സ്യകൃഷിക്കായി എത്ര പാട്ടതുകയ്ക്കാണ് സമിതി കരാർ വച്ചതെന്നോ കരാറിന്റെ കാലാവധിയോ ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പാടശേഖരസമിതി ഫ്രണ്ട് ഓഫീസിൽ ഒടുക്കിയ തുക രജിസ്റ്ററിൽ ചേർക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. ഇത് സംബന്ധിച്ച ഫയൽ പരിശോധനക്ക് ഹാജരാക്കുകയോ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയോ ചെയ്തിട്ടില്ല. പാടശേഖര സമിതിയുമായുണ്ടാക്കിയ കരാർ, പഞ്ചായത്തിൽ ഒടുക്കേണ്ട ഫീസ് എന്നിവ സംബന്ധിച്ച രേഖകൾ വിശദീകരണത്തോടൊപ്പം ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 2-1(7) <u>ലേലം നടത്തിയിട്ടില്ല</u>

പഞ്ചായത്ത് കമ്മിറ്റിയുടെ താഴെപ്പറയുന്ന തീയതികളിലെ തീരുമാനപ്രകാരം പഞ്ചായത്ത് പരിധിയിലുള്ള പൊളിച്ചു നീക്കം ചെയ്യേണ്ട പഴയ കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിനായി വാല്യൂവേഷൻ എടുത്ത് നല്കുന്നതിന് എൽ.എസ്.ജി.ഡി അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു.

a. 7.6.17 ലെ 15(2) നം തീരുമാന പ്രകാരം തളിയാപറമ്പ് ഗവ. എൽ.പി.സ്കൂളിന്റെ ചുറ്റുമതിൽ പുനർ നിർമ്മിച്ചപ്പോൾ പൊളിച്ച് മാറ്റിയ പഴയ കെട്ടിട ഭാഗങ്ങൾ ലേലം ചെയ്യുന്നതിനായുള്ള വാല്യൂവേഷൻ.

b. 7.6.17 ലെ 19(1) നം. തീരുമാന പ്രകാരം 8-ാം വാർഡിലെ 65-ാം നമ്പർ അംഗൻവാടിയുടെ പഴയ കെട്ടിടം പൊളിച്ച് നീക്കി ഉപയോഗയോഗ്യമായ കെട്ടിട ഭാഗങ്ങൾ ലേലം ചെയ്യുന്നതായുള്ള വാല്യൂവേഷൻ.

c. 21.6.17 ലെ 5-ാം നം. തീരുമാന പ്രകാരം 12-ാം വാർഡിലെ അംഗൻവാടിയുടെ പഴയ കെട്ടിടം പൊളിച്ച് കെട്ടിട ഭാഗങ്ങൾ ലേലം ചെയ്യുന്നതിനായുള്ള പുനർവാല്യൂവേഷൻ.

എന്നാൽ ഇവ ലേലം ചെയ്തതുവഴി ലഭിച്ച വരവിന്റെ വിശദാംശങ്ങളോ മറ്റ് രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ ഇവയുടെ വാല്യേഷൻ നൽകിയിട്ടുണ്ടെങ്കിലും ലേലം നടത്തുവാൻ കഴിഞ്ഞിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ഉപയോഗ യോഗ്യമായ പഴയ കെട്ടിട ഭാഗങ്ങൾ നശിക്കുന്നതിനു മുമ്പായി ഇവ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>2-1(8) വാടക -അപാകതകൾ</u>

**1. കമ്യൂണിറ്റി ഹാൾ- വാടക രജിസ്റ്റർ സൂക്ഷിക്കാത്തതുമൂലം വരവിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്യൂണിറ്റി ഹാളിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാടക സംബന്ധിച്ച ലെഡ്ജർ പരിശോധിച്ചതിൽ ഓരോ പരിപാടികൾക്കും 500/-, 1000/-, 1250/-, 2000/-, 3500/-, 5500/-, 7000/- രൂപ എന്നിങ്ങനെ വ്യത്യസ്ത നിരക്കിൽ വാടക ഈടാക്കിയിട്ടുള്ളതായി കാണുന്നു. പ്രസ്തുത ഹാളിന്റെ വാടക ഈടാക്കുന്നത് സംബന്ധിച്ച ബൈലോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓരോ പരിപാടിക്കും പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഹാൾ വാടക സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ തന്നെ ലഭിച്ച വരുമാനത്തിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല. കമ്യൂണിറ്റി ഹാളിന്റെ വാടക

രജിസ്റ്റർ അപൂർണ്ണമാണ്. ഈ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള പല പരിപാടികളുടെയും വാടക, ലെഡ്ജർ പ്രകാരം ലഭിച്ചിട്ടില്ല. ഏതൊക്കെ പരിപാടികൾക്കാണ് വാടക ഒഴിവാക്കിയിട്ടുള്ളത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വാടക ഇനത്തിലെ വരവ് കൃത്യമായി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയോ, മാസാവസാനം അബ്സ്ട്രാക്റ്റ് തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ 8.7.16 ലെ 8-ാം നം. തീരുമാന പ്രകാരം കമ്യൂണിറ്റി ഹാൾ വൃത്തിയാക്കുന്നതിനായി പ്രതിമാസ വേതനം 5000/- രൂപ നിരക്കിൽ നിയമിച്ച ശ്രീ. വേലപ്പൻ, കാരിച്ചിറ എന്നയാൾ ഇപ്പോഴും തുടരുന്നതായി കാണുന്നു. ടിയാളുമായി എന്തെങ്കിലും കരാർ ചമച്ചിട്ടുള്ളതായോ, ചെയ്യേണ്ട ജോലികൾ കൃത്യമായി നിശ്ചയിച്ച് നൽകിയതായോ വിവരമില്ല. കമ്യൂണിറ്റി ഹാൾ വൃത്തിയാക്കുന്നതിനായി ഒരാളെ നിയോഗിച്ചിട്ടുള്ളപ്പോഴും തനത് ഫണ്ടിൽ നിന്നും ശുചീകരണത്തിനായി വേറെ തുക ചെലവഴിച്ചിട്ടുണ്ട്. (ഉദാ-: വൗച്ചർ നം. 21700037, തീയതി. 19.4.17, പ്രകാരം 4500/- രൂപ, വൗച്ചർ നം. 21700585, തീയതി. 03.11.17, പ്രകാരം 6165/- രൂപ എന്നിങ്ങനെ ചെലവഴിച്ചിട്ടുണ്ട്). ഓരോ പരിപാടികളിൽ നിന്നും വാടക ഇനത്തിൽ ലഭിക്കുന്ന വരുമാനത്തിൽ നിന്നും ഒരു നിശ്ചിത തുക ക്ലീനിംഗിനായി ഈടാക്കി ചെലവഴിക്കുന്ന കാര്യം പരിഗണിച്ചിട്ടുള്ളതായി കാണുന്നില്ല. അല്ലാത്ത പക്ഷം ഹാളിൽ പ്രോഗ്രാം നടക്കാത്ത മാസങ്ങളിലും ടിയാൾക്ക് വേതനം നൽകേണ്ടതായി വരുന്നു. ഹാളിന്റെ വാടകയിൽ നാളിതുവരെയായി എന്തെങ്കിലും വർദ്ധനവ് വരുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ഉൾപ്പെടെ മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി അപൂർണ്ണമാണ്. പഞ്ചായത്ത് കമ്മിറ്റിയിലെ തീരുമാനപ്രകാരം കമ്യൂണിറ്റി ഹാളിന്റെ മുൻ ഭാഗത്തും ഒരു വശത്തുമായി ഷീറ്റ് മേഞ്ഞ് നിർമ്മിച്ചിട്ടുള്ള ഭാഗം രാഷ്ട്രീയ പാർട്ടികളുടെ പരിപാടികൾക്ക് നൽകുമ്പോൾ ഒരു മണിക്കൂറിന് 500/- രൂപ, 2 മണിക്കൂറിന് 1000/- രൂപ എന്ന നിരക്കിലും മറ്റ് പരിപാടികൾക്ക് ഒരു ദിവസത്തേക്ക് 1250/- രൂപ എന്ന നിരക്കിലും വാടക ഈടാക്കുന്നതായി അറിയിച്ചു. വിവാഹ ആവശ്യങ്ങൾക്കും മറ്റുമായി കമ്മ്യൂണിറ്റി ഹാൾ മുഴുവനായി ഒരു ദിവസം ഉപയോഗിക്കുന്നതിന് 3500/-രൂപ വാടക ഈടാക്കുന്നതായി അറിയിച്ചു. എന്നാൽ ഹാൾ മുഴുവനായി രാഷ്ട്രീയ പാർട്ടികളുടെ പരിപാടികൾക്ക് നൽകുമ്പോൾ വാടക എത്രയെന്ന് വ്യക്തമല്ല. കമ്യൂണിറ്റി ഹാൾ വാടക സംബന്ധിച്ച് വ്യക്തമായ ബൈലോ തയ്യാറാക്കേണ്ടതും ആയതുപ്രകാരം കൃത്യമായി വാടക, അഡ്വാൻസ് എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ, കമ്യൂണിറ്റി ഹാളിന്റെ വാടകയിൽ പ്രതിവർഷം ഒരു നിശ്ചിത നിരക്കിൽ ചെറിയ വർദ്ധന വരുത്തുന്നതും പരിഗണിക്കാവുന്നതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

**2. കടമുറിയുടെ വാടക കുടിശ്ശിക ഒടുക്കിയിട്ടില്ല.**

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ 2017-18 ലെ വാടക തുക മുൻ വർഷത്തെ വാടക തുകയിൽ 5% വർദ്ധനവ് വരുത്തി മുൻ വർഷത്തെ വാടകക്കാർക്ക് തന്നെ നൽകുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ VI/II D നം. കടയുടമ ശ്രീമതി. അനിതയിൽ നിന്നും മുൻ വർഷത്തെ വാടകയായ 1361/- രൂപ തന്നെയാണ് 2017-18ലും ഈടാക്കിയിട്ടുള്ളത്. വർദ്ധിപ്പിച്ച വാടകയായ 1429/- രൂപ വീതം ഈടാക്കിയിട്ടില്ല. കൂടാതെ ഒരു മാസത്തെ വാടക കുടിശ്ശികയും വരുത്തിയിട്ടുണ്ട്. വാടക കുടിശ്ശിക ഉൾപ്പെടെ 2177/-രൂപ അടയ്ക്കേണ്ടതുണ്ട്. പഞ്ചായത്തിലെ വാടക രജിസ്റ്റർ പൂർണ്ണമല്ല. വർഷാന്ത്യം ഡി.സി.ബി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 500/- രൂപ രസീത് നം. 118010102932 പ്രകാരം 26.10.18 തീയതിയിൽ ഒടുക്കിയതായി അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന 1677/-രൂപ പലിശ സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-1(9) <u>ടെൻഡർ ഫീ - ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല</u>

ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം ഇ-ടെണ്ടറിംഗ് നടത്തിയ പ്രവൃത്തികളിൽ നിന്ന് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള ടെണ്ടർ ഫീസിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. തുക ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

| | | | | |
|---|---|---|---|---|
| | | | | |

| ക്രമ നം. | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ ഫീസ് | ആകെ ലഭ്യമായ ടെണ്ടർ ഫീസ് |
|---|---|---|---|---|
| 1 | 90/18 വാഴത്തറവെളി പനനീറ്റിക്കൽ റോഡ് മെയിന്റനൻസ് | 2 | 1568 | 3136 |
| 2 | അംഗൻവാടി നം.55 നിർമ്മാണം വാർഡ് 5 | 1 | 1568 | 1568 |
| 3 | 52/18പി.കെ.ജി. മിന്നംപുറം റോഡ് ടാറിംഗ് | 2 | 1680 | 3360 |
| 4 | 134/18 വീരമംഗലം പുന്നച്ചുവട് റോഡ് ടാറിംഗ് | 2 | 1344 | 2688 |
| 5 | 55/18 പാടത്തുംവീട് വൈശ്യംപറമ്പ് റോഡ് ടാറിംഗ് | 2 | 1344 | 2688 |
| 6 | 151/18 ചിറ്റയിൽ പനവേലി റോഡ് ടാറിംഗ് | 2 | 1120 | 2240 |
| 7 | 155/18 പള്ളിവെളി കരാളപ്പതി റോഡ് ടാറിംഗ് | 2 | 1568 | 3136 |
| 8 | 152/18 പുല്ലാട്ട് വൈശ്യംപറമ്പ് റോഡ് മെറ്റലിംഗ് | 2 | 1120 | 2240 |
| 9 | 165/18 പണിക്കശ്ശേരി വേമ്പനാട് കായൽ റോഡ് ടാറിംഗ് | 2 | 1344 | 2688 |
| 10 | അംഗൻവാടി നം. 55 നിർമ്മാണം, വാർഡ് – 5 | 2 | 1570 | 3140 |
| 11 | അംഗൻവാടി നം. 52 നിർമ്മാണം, വാർഡ് – 6 | 1 | 1570 | 1570 |
| 12 | അംഗൻവാടി നം. 51 നിർമ്മാണം, വാർഡ് – 8 | 1 | 1570 | 1570 |
| 13 | 137/18 ഒടുക്കത്തറ – തളിയേടത്ത് റോഡ് ഗ്രാവലിംഗ് | 1 | 1120 | 1120 |
| 14 | 192/18 പി.എച്ച്.സി. യിൽ പൊതു ശൗച്യാലയം | 2 | 2000 | 4000 |

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ

# 3-1(1) ഫണ്ട് വിനിയോഗത്തിലെ വീഴ് ച – 47.30 ലക്ഷം പാഴായി

ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 47.30 ലക്ഷം പാഴായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം ഗ്രാമ പഞ്ചായത്തിന നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 3111926 |
| വികസന ഫണ്ട് എസ്.സി.പി. | 589402 |
| വികസന ഫണ്ട് ടി.എസ്.പി. | 1873 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 222810 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 69835 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 33973 |

| | |
|---|---|
| | |
| കെ.എൽ.എസ്.ജി.ഡി.പി | 700754 |
| **ആകെ** | **4730573** |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. ഗ്രാമ പഞ്ചായത്തിൽ തൻവർഷം ആകെ 184 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 57 പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയില്ല. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതുവഴി അതിൽനിന്നു ലഭ്യമാകുന്ന ആസ്തികളും വികസന ക്ഷേമ പ്രവർത്തനങ്ങളും ജനങ്ങൾക്ക് നഷ്ടമാകുന്നു. ഫണ്ടു വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-1(2) സാക്ഷരതാ പ്രേരക് മാരുടെ വേതനം - തനതുഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല

2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ബി-18 പ്രകാരം advance to others എന്ന ഹെഡ്ഡിൽ 8183/- രൂപ സാക്ഷരതാ പ്രേരക് മാരുടെ വേതനം ഇനത്തിൽ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ഈ തുകയുടെ വിശദാംശങ്ങൾ ഹാജരാക്കുവാനും തുക തനതുഫണ്ടിൽ ക്രമീകരിച്ചിട്ടുണ്ടോ എന്നറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഈ തുക 2016-17 വരെ നൽകിയ ഓണറേറിയം റീക്ലപ്പ് ചെയ്തതിനുശേഷം ബാലൻസ് നിൽക്കുന്ന തുകയാണെന്നും ലിറ്ററസി മിഷനിൽ നിന്നും തുക ആവശ്യപ്പെട്ടിട്ടുണ്ടെന്നും തുക ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും മറുപടി നൽകി. തുക ക്രമീകരിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-2 വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ

## 3-2(1) എൽ.പി സ്കൂളുകൾക്ക് ലൈബ്രറി - പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ

**എ) ARTCO യ്ക്ക് 1,04,242/- രൂപ അധികം നൽകി**

ഗവ. എൽ. പി. എസ്, തളിയാപറമ്പ്, ഗവ. യു. പി. എസ്, ഓടമ്പള്ളി, ഗവ. എൽ. പി. എസ്, തൃച്ചാറ്റുകുളം എന്നീ സ്കൂളുകളിൽ ലൈബ്രറി സൗകര്യങ്ങൾ ഒരുക്കുന്നതിനായി തയ്യാറാക്കിയ S0067/18 നമ്പർ പ്രോജക്ട് പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1470000/- രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ 300000/- രൂപ ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനും 1170000/- രൂപ ഫർണിച്ചർ വാങ്ങുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഫർണിച്ചർ ടെൻഡർ കൂടാതെ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് 4429 (ARTCO) എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനായി 300000/- രൂപ വകയിരുത്തിയിരുന്നെങ്കിലും പുസ്തകം വാങ്ങിയിട്ടില്ല.

ഓരോ സ്കൂളുകൾക്കുമായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | ഇൻവോയ്സ് നം. | വാങ്ങിയ ഫർണിച്ചർ | എണ്ണം | തുക |
|---|---|---|---|---|
| ഗവ.എൽ.പി.എസ്, തളിയാപറമ്പ് | 46/29.06.2017 | Reading table 180x80x75cm Materials high quality 17mm, 8mm, and 6mm double side laminated MDF board with teak wood | 1 | 20381 |

| | | | | |
|---|---|---|---|---|
| | | beading | | |
| | | Students Chair | 10 | 24045 |
| | | Library Cupboard 180x180x40cm with sliding glass door Materials high quality 17mm, 8mm,and 6mm double side laminated MDF board with teak wood beading | 7 | 315791 |
| | | Teachers Chair | 1 | 4580 |
| | | **ആകെ** | | **364797** |
| ഗവ.എൽ.പി.എസ്, തൃച്ചാറ്റുകുളം | 49/29.06.2017 | Reading table 180x80x75cm Materials high quality 17mm, 8mm,and 6mm double side laminated MDF board with teak wood beading | 1 | 20381 |
| | | Students Chair | 10 | 24045 |
| | | Library Cupboard 180x180x40cm with sliding glass door Materials high quality 17mm, 8mm,and 6mm double side laminated MDF board with teak wood beading | 7 | 315791 |
| | | Teachers Chair | 1 | 4580 |
| | | **ആകെ** | | **364797** |
| ഗവ.എൽ.പി.എസ്, ഓടമ്പള്ളി | 47/29.06.2017<br>48/29.06.2017 | Ceiling Work 266x80cm | 1 | 51983 |
| | | Reading table 180x80x75cm Materials high quality 17mm, 8mm,and 6mm double side laminated MDF board with teak wood beading | 1 | 20381 |
| | | Students Chair | 10 | 24045 |
| | | Library Cupboard 470x180x40cm with sliding glass door Materials high quality 17mm, 8mm,and 6mm double side laminated MDF board with teak wood beading | 1 | 107859 |
| | | Library Cupboard 180x180x40cm with sliding glass door Materials high quality 17mm, 8mm,and 6mm double side laminated MDF board with teak wood beading | 4 | 180452 |
| | | Teachers Chair | 1 | 4580 |
| | | **ആകെ** | | **389300** |
| ഗവ.എൽ.പി.എസ്, തളിയാപറമ്പ് | 56/25.07.2017 | Ceiling Work 330x550cm high quality E -board for library with appropriate fitting | | 49766 |
| ഗവ.എൽ.പി.എസ്, തൃച്ചാറ്റുകുളം | 55/25.07.2017 | Ceiling Work 550x590 cm high quality E -board for library with appropriate fitting | | 54476 |
| | | **ആകെ** | | **104242** |
| | | **Grand Total** | | **1223146** |

ആകെ 1223146/- രൂപയുടെ സീലിംഗും ഫർണീച്ചറുമാണ് ബിൽ പ്രകാരം ആർട്ട്കോ സപ്ലൈ ചെയ്തിട്ടുള്ളത് എന്നാൽ താഴെപറയുന്ന ബില്ലുകൾ പ്രകാരം 1327388/- രൂപ ആർട്ട്കോയ്ക്ക് നൽകിയിട്ടുണ്ട്.

2/17-18, 21.08.2017, 1223146/-

3/17-18, 11.01.2018, 104242/-

104242/- രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/24.12.2018) പദ്ധതിതുക 100% ചെലവഴിക്കുന്നതിനുള്ള തിടുക്കത്തിൽ ഇരട്ടിപ്പ

വന്നതാണെന്നും തുക തിരികെ ആവശ്യപ്പെട്ട് ARTCO-യ്ക്ക് കത്ത് നൽകുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥയായ എച്ച്.എം. അറിയിച്ചിട്ടുണ്ട്. തുക സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കാത്തപക്ഷം രേഖകൾ കൃത്യമായി പരിശോധിക്കാതെ അധികതുക ചെലവഴിച്ച ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

**ബി) <u>വാങ്ങലിൽ ഗുരുതരമായ ക്രമക്കേടുകൾ - ഇൻവോയ്സ് പ്രകാരമുള്ള ഫർണീച്ചർ സപ്ലൈ ചെയ്തില്ല-സീലിംഗ് നടത്തിയില്ല</u>**

സെക്രട്ടറിയുടെ ചാർജ്ജ് വഹിക്കുന്ന അസി. സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ സ്കൂളുകളിൽ 31.12.2018-ന് ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ ഇൻവോയ്സ് പ്രകാരമുള്ളതിൽ നിന്നും വ്യത്യസ്തമായ ഫർണീച്ചറാണ് സപ്ലൈ ചെയ്തിട്ടുള്ളതെന്ന് കണ്ടു.

| പരിശോധന നടത്തിയ സ്ഥലം | പരിശോധനയിൽ കണ്ടെത്തിയത് |
|---|---|
| തളിയാപറമ്പ് എൽ.പി.എസ് | Reading Table -1<br>Students Chair - 10<br>Library Cupboard 180x180x40 cm- 1<br>Library Cupboard 90x180x40cm -6<br>Teachers Chair – 1<br>Reading Table, Cupboard എന്നിവയിൽ തേക്കിന്റെ ബീഡിംഗ് ഇല്ല. |
| തൃച്ചാറ്റുകളം എൽ.പി.എസ് | Reading Table-1<br>Students Chair - 10<br>Library Cupboard 180x180x40 cm- 7<br>Teachers Chair – 1<br>Reading Table, Cupboard എന്നിവയിൽ തേക്കിന്റെ ബീഡിംഗ് ഇല്ല. |
| ഓടമ്പള്ളി യു.പി.എസ് | Reading Table -1<br>Students Chair - 10<br>Library Cupboard 180x180x40 cm- 7<br>Teachers Chair – 1<br>സീലിംഗ് നടത്തിയിട്ടില്ല<br>വലിയ Cupboard 470x180x40 cm ലഭിച്ചിട്ടില്ല<br>Reading Table, Cupboard എന്നിവയിൽ തേക്കിന്റെ ബീഡിംഗ് ഇല്ല. |

തളിയാപറമ്പ് എൽ.പി.എസ്-ൽ Library Cupboard 180x180x40 cm 7എണ്ണത്തിന പകരം ഇതേ സ്പെസിഫിക്കേഷനിലുള്ള ഒരെണ്ണവും 90x180x40 cm വലിപ്പമുള്ള 6 എണ്ണവുമാണ് സപ്ലൈ ചെയ്തിട്ടുള്ളത് ഓടമ്പള്ളി യു.പി.എസിൽ Library Cupboard 180x180x40 cm 4 എണ്ണത്തിനപകരം 7 എണ്ണം സപ്ലൈ ചെയ്തിട്ടുണ്ട്. എന്നാൽ 470x180x40 cm സ്പെസിഫിക്കേഷനുള്ള Cupboard ലഭിച്ചിട്ടില്ല. ലൈബ്രറി റൂമിൽ സീലിംഗും ചെയ്തിട്ടില്ല. മൂന്ന സ്കൂളുകളിലേയും Reading Table, Cupboard എന്നിവയിൽ തേക്കിന്റെ ബീഡിംഗ് ഇല്ല. ലഭിച്ച ഫർണീച്ചർ സ്റ്റോക്കിലെടുത്തിട്ടില്ല. ആർട്കോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായും കാണുന്നില്ല ഈ വാങ്ങലിനായി പ്രൊക്യൂവർമെന്റ് കമ്മറ്റിയോ സോഷ്യൽ ഓഡിറ്റ് കമ്മറ്റിയോ രൂപീകരിച്ചിട്ടില്ല

ഫർണീച്ചർ വാങ്ങുന്നതിനുമുമ്പ് ഓരോ സ്കൂളിലേയും സ്ഥലസൗകര്യം അനുസരിച്ച് ആവശ്യകത നിർണ്ണയിക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥയുടെ അഭിപ്രായം ആരായുകയോ ചെയ്തിട്ടുള്ളതിന് രേഖയില്ല സ്ഥാപനം സപ്ലൈ ചെയ്ത ഫർണീച്ചറിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഈ വാങ്ങലിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായും അതുവഴി പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുള്ളതായും കാണുന്നതിനാൽ ഈ വാങ്ങലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും പഞ്ചായത്തിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കുന്നതിനുമായി സമഗ്രമായ അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു. 1223146/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2(2) <u>മഴമറ-അധിക സബ്സിഡി നൽകി</u>

**മഴമറ (പ്രോജക്ട് നം. – 168)**

ബിൽ നം. -06/17-18, Rs.50,000/-, c/o 27.11.18

ബിൽ നം. -07/17-18, Rs.50,000/-, c/o 27.11.18

ബിൽ നം. -14/17-18, Rs.50,000/-, c/o 11.01.18

ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ **മഴമറ** എന്ന പദ്ധതിയിൽ ഈ സാമ്പത്തിക വർഷം മൂന്ന് ഗുണഭോക്താക്കൾക്കാണ് ആകെ 1,50,000/- രൂപയുടെ പദ്ധതി ആനുകൂല്യം നല്കിയത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം എസ്.സി, എസ്.റ്റി വിഭാഗം ഗുണഭോക്താക്കൾക്ക് 50,000/- രൂപ, പൊതുവിഭാഗത്തിന് 30,000/- രൂപ എന്ന നിരക്കിൽ മാത്രമാണ് പദ്ധതിയിലെ സബ്സിഡി നൽകുവാൻ അനുവദിച്ചിട്ടുള്ളത്. പദ്ധതി ആനുകൂല്യം അനുവദിച്ചതിന്റെ ഫയലുകൾ പരിശോധിച്ചതിൽ ഈ സാമ്പത്തിക വർഷം ആനുകൂല്യം നല്കിയ ശ്രീ. രമേശൻ കെ, ചിറ്റേവെളി, ഉളവയ്പ്പ് പി. ഒ, ശ്രീ. പി. കെ. രാമചന്ദ്രൻ നായർ, പുതുശ്ശേരിൽ (പ്രതീക്ഷ), പൂച്ചാക്കൽ പി. ഒ, ശ്രീ കെ. വി. ഗുപ്തൻ, കോയിപ്പറമ്പിൽ, പാണാവള്ളി പി. ഒ എന്നിവർ എസ്.സി, എസ്.റ്റി വിഭാഗത്തിൽ പെടുന്നവരല്ല ഗുണഭോക്താക്കൾ പൊതുവിഭാഗത്തിൽ പെടുന്നവരാണെന്നും കൃഷി വകുപ്പ് മുഖാന്തിരം അനുവദിനീയമായ സബ്സിഡി 50000/- രൂപ ആയതിനാലാണ് മേൽ ഗുണഭോക്താക്കൾക്കും ഇതേ നിരക്ക് നൽകിയതെന്നുമാണ നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. പദ്ധതി ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ ഗ്രാമസഭാലിസ്റ്റിന്റെ പകർപ്പ് അപേക്ഷകൾക്കൊപ്പം ഹാജരാക്കിയിട്ടില്ല. തദ്ദേശസ്ഥാപനങ്ങളിലെ വാർഷിക പദ്ധതികൾ വഴി ആനുകൂല്യം നൽകുന്നതിന് സർക്കാർ നിശ്ചയിച്ച പരമാവധി തുകയിലും കൂടുതലായി നൽകിയ 60,000/- രൂപയുടെ (3 പേർക്ക് 20000/- വീതം) ചെലവ് നിരാകരിക്കുന്നു. അധികം അനുവദിച്ച തുക ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫീസറുടെ ബാധ്യതയാകുന്നതാണ്.

## 3-2(3) വി.ഇ.ഒ. ഓഫീസ് നവീകരണം - എസ്റ്റിമേറ്റ് പ്രകാരമുള്ള ഫർണ്ണീച്ചർ വിതരണം നടത്തിയില്ല

**വി.ഇ.ഒ. ഓഫീസ് നവീകരണം (പ്രോജക്ട് നം. - 121/18)**

ബിൽ നം. – 33/17-18, തീയതി. 07.11.2017, RS-149760/-

ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ വി.ഇ.ഒ ഓഫീസ് നവീകരണം എന്ന പദ്ധതിയിൽ ഫർണ്ണീച്ചർ വാങ്ങിയതിന് 149760/- രൂപ ആർട്കോയ്ക്ക് നൽകിയിട്ടുണ്ട്. 2 വീതം എൽ ഷേപ്പ് ടേബിളുകൾ, 160*90*40 cm അളവുള്ള കബോർഡുകളും ഒരു 300*60*40 cm അളവുള്ള കബോർഡുമാണ് എസ്റ്റിമേറ്റ് പ്രകാരം വാങ്ങാൻ തീരുമാനിച്ചത്. ഈ പദ്ധതിയുടെ ചെലവുരേഖകൾ പ്രകാരം വിതരണം നടത്തിയ ഫർണ്ണീച്ചർ പരിശോധിച്ചതിൽ ഇൻവോയ്സിൽ രേഖപ്പെടുത്തിയിരുന്നതിനും വ്യത്യസ്തമായ ഫർണ്ണീച്ചറാണ് വിതരണം നടത്തിയിട്ടുള്ളത്. ഇൻവോയ്സ് പ്രകാരം ഒന്നിന് 28,800 രൂപ വിലവരുന്ന 2 കബോർഡുകൾ (160 x90x40 cm) 6 MM Glass തേക്ക് വുഡ് ലിപ്പിംഗ് ചെയ്തതാണ്. ഈ കബോർഡുകൾ നേരിട്ട് പരിശോധിച്ചതിൽ തേക്ക് തടി ലിപ്പിംഗ് (കൂട്ടിച്ചേർത്തിട്ടില്ല) ചെയ്തിട്ടില്ല. അതുപോലെ ഇൻവോയ്സ് പ്രകാരം ഒന്നിന് 35840 രൂപ വിലവരുന്ന കബോർഡ് (160 x90x40 cm) 6 MM Glass തേക്ക് വുഡ് ലിപ്പിംഗ് ചെയ്തതാണ്. ലഭ്യമാക്കിയ ഈ അളവിലെ കബോർഡിൽ ഗ്ലാസ്സ് വർക്ക് ചെയ്തിട്ടില്ല. കൂടാതെ കബോർഡിന് തേക്ക് തടിയുടെ ലിപ്പിംഗുമില്ല. ഇൻവോയ്സ് പ്രകാരമുള്ള ഫർണ്ണീച്ചർ വിതരണം നടത്താത്ത സാഹചര്യത്തിൽ ആയത് പരിശോധിക്കാതെ ആർട്ട്കോക്ക് മുഴുവൻ തുകയും നൽകിയത് ക്രമപ്രകാരമല്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ 93440/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സപ്ലയറുമായി ബന്ധപ്പെട്ട് വാഗ്ദാനം ചെയ്ത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഫർണ്ണീച്ചർ മാറ്റി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2(4) കാർഷിക പദ്ധതികളുടെ വിശദാംശങ്ങൾ നൽകുന്നത്

പാണാവള്ളി ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം 8 പദ്ധതികളാണ് കൃഷി ഓഫീസർ നടപ്പിലാക്കിയത്. വികസന ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ഗുണഭോക്തൃവിഹിതം എന്നിവയിൽ നിന്നായി 35,42,875/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ താഴെചേർക്കുന്നു.

**എ) നാളികേരകൃഷി വികസനം**

(പ്രോജക്ട് നം-29/18)

(ബിൽ നം-13/17-18, Rs.379645/-, C/o 11.01.2018

ബിൽ നം-16/17-18, Rs.102835/-, C/o 08.02.2018

ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം 4,82,480/-രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വി.എഫ്.പി.സി.കെയിൽ നിന്ന് 164 പുതിയ തെങ്ങിൻ തൈകളും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മരതകം എന്ന കർഷക ഗ്രൂപ്പിൽ നിന്നും വളവും വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ആകെ പദ്ധതി ചെലവായ 7,06,000/- രൂപയിൽ 6,90,000/- രൂപയും വളം വാങ്ങുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. 10 രൂപ നിരക്കിൽ 6000 കി.ഗ്രാം ഡോളോമൈറ്റ്, 30 രൂപ വീതം നിരക്കിൽ 6000 കി.ഗ്രാം എല്ലുപൊടി, 15000 kg വേപ്പിൻപിണ്ണാക്ക് എന്നിവയാണ് വാങ്ങിയത്.

**ബി) സമഗ്രജൈവകൃഷി -വനിത**

(പ്രോജക്ട് നം-199/18)

(ബിൽ നം-10/17-18, Rs.56,232/, C/o 11.01.2018

ബിൽ നം-09/17-18, Rs.26,270/-, C/o 11.01.2018

ബിൽ നം-15/17-18, Rs.2,07,998/-, C/o 08.02.2018

ബിൽ നം-21/17-18, Rs.6,100/-, C/o 6.03.2018

ഈ പദ്ധതി പ്രകാരം 11,000 വാഴവിത്തുകളും 10 രൂപ നിരക്കിൽ 5000 കി.ഗ്രാം ഡോളോമൈറ്റ്, 30 രൂപ നിരക്കിൽ 2500 കി.ഗ്രാം വേപ്പിൻപിണ്ണാക്ക് എന്നിവയാണ് വാങ്ങി വിതരണം നടത്തിയിട്ടുള്ളത്. 11,000 വാഴവിത്തുകൾ വി.എഫ്.പി.സി.കെയിൽ നിന്നും വളം മരതകം കർഷക ഗ്രൂപ്പിൽ നിന്നുമാണ് പൂർണ്ണമായും വാങ്ങിയിട്ടുള്ളത്.

**സി) ഫലവൃക്ഷത്തൈ വിതരണം (പ്രോജക്ട് നം-30/18)**

ബിൽ നം -22/17-18, Rs.78455/-, c/o 09.03.18

ബിൽ നം -25/17-18, Rs.2414/-, c/o 27.03.18

ഈ പദ്ധതി പ്രകാരം 56,280/- രൂപയുടെ ഫലവൃക്ഷത്തൈകൾ വി.എഫ്.പി.സി.കെയിൽ നിന്നും 34,840/- രൂപയുടെ ഫലവൃക്ഷത്തൈകൾ മരതകം കർഷക ഗ്രൂപ്പിൽ നിന്നും 10 രൂപ നിരക്കിൽ 670 കി.ഗ്രാം ഡോളോമൈറ്റ്, 30 രൂപ നിരക്കിൽ 335 കി.ഗ്രാം വേപ്പിൻപിണ്ണാക്ക് എന്നിവ മരതകം കർഷക ഗ്രൂപ്പിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ഒന്നിന് യഥാക്രമം 250, 270 രൂപ നിരക്കിൽ 67 വീതം ബഡ് പ്ലാവ്, ബഡ് കുടംപുളി എന്നിവയാണ് മരതകം കർഷക ഗ്രൂപ്പിൽ നിന്നും വാങ്ങിയത്. ഈയിനങ്ങൾ വി.എഫ്.പി.സി.കെയിൽ നിന്നും വാങ്ങുന്നതിനായി സപ്ലൈ ഓർഡർ നൽകിയിരുന്നത് സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല.

**ഡി) പച്ചക്കറി വികസനം** (പ്രോജക്ട് നം-28/18)

ബിൽ നം -11/17-18, Rs.11,880/-, c/o 11.01.18

ബിൽ നം -12/17-18, Rs.1,48,368/-, c/o 11.01.18

ബിൽ നം -17/17-18, Rs.82,552/-, c/o 08.02.18

ബിൽ നം -19/17-18, Rs.1,70,000/-, c/o 06.03.18

ബിൽ നം -26/17-18, Rs.2,05,166/-, c/o 28.03.18

ഈ പദ്ധതി പ്രകാരം പച്ചക്കറി തൈകളും വളവുമാണ് വാങ്ങിയിട്ടുള്ളത്. 15000 പച്ചക്കറി തൈകൾ ഒന്നിന് 3 രൂപ നിരക്കിൽ മരതകം കർഷക ഗ്രൂപ്പിൽ നിന്നുമാണ് വാങ്ങിയത്. ഏതെല്ലാം തൈകൾ എത്രയെണ്ണം വീതമാണ് വാങ്ങിയത് എന്ന വിവരം ബിൽ പ്രകാരം ലഭ്യമല്ല..ഈയിനത്തിൽ മാത്രം 45,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 10 രൂപ നിരക്കിൽ 12500 കി.ഗ്രാം ഡോളോമൈറ്റ്, 30 രൂപ വീതം നിരക്കിൽ 12500 കി.ഗ്രാം എല്ലുപൊടി, 12500 kg വേപ്പിൻപിണ്ണാക്ക് എന്നിവയും മരതകം കർഷക ഗ്രൂപ്പിൽ നിന്നാണ് വാങ്ങിയത്.

മേൽ പദ്ധതികളുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോക്യൂർമെന്റ് മാന്വൽ പ്രകാരം 50,000 രൂപക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണ് നടത്തേണ്ടത്. കൃഷി ഓഫീസർ തൻ വർഷം നടപ്പിലാക്കിയ പദ്ധതികളിൽ ടെണ്ടറില്ലാതെ **17,06,950/-** രൂപ ചെലവഴിച്ച് പാണാവള്ളിയിൽ പ്രവർത്തിക്കുന്ന മരതകം കർഷക ഗ്രൂപ്പിൽ നിന്നും വളം വാങ്ങിയിട്ടുണ്ട്. പച്ചക്കറി, ഫലവൃക്ഷത്തൈകൾ എന്നിവയും ടെണ്ടറില്ലാതെയാണ് ഇവിടെ നിന്നും വാങ്ങിയത്. വിവിധ സ്ഥാപനങ്ങൾ നടത്തുന്ന ടെണ്ടറിൽ പങ്കെടുത്ത കുറഞ്ഞ നിരക്ക് നൽകിയാൽ ഈ സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്താമെന്നല്ലാതെ ഈ സ്ഥാപനം നേരിട്ട് ഉത്പാദനം നടത്താത്ത എല്ലുപൊടി, വേപ്പിൻപിണ്ണാക്ക് ഡോളോമൈറ്റ് എന്നിവ യാതൊരു വാങ്ങൽ നടപടിക്രമങ്ങളും പാലിക്കാതെ നേരിട്ട് വാങ്ങിയത് ക്രമപ്രകാരമല്ല.

എല്ലുപൊടി, വേപ്പിൻപിണ്ണാക്ക്, ഡോളോമൈറ്റ് എന്നിവ ഈ ഗ്രൂപ്പ് ഉത്പാദിപ്പിക്കുന്നില്ലായെന്നും മറ്റ

സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകുകയാണെന്നും കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. ടെണ്ടർ വിളിക്കാത്തതിനാൽ മറ്റ് സ്ഥാപനങ്ങൾക്ക് ഇവയുടെ നിരക്ക് ക്വാട്ട് ചെയ്യാനും അതുവഴി കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള സാധനങ്ങളുടെ വാങ്ങലിനുള്ള സാധ്യത പ്രയോജനപ്പെടുത്തുവാനും സാധിച്ചില്ല. ഇതേ കാലയളവിൽ സമീപ പഞ്ചായത്തുകളിൽ കാർഷിക മേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികൾക്കായി ടെണ്ടർ പ്രകാരം കി.ഗ്രാമിന് 21.90 രൂപ മാത്രം വീതം നിരക്കിലാണ് റെയ്ഡ്കോയിൽ നിന്നും എല്ലുപൊടി വേപ്പിൻപിണ്ണാക്ക് എന്നിവയും 5.10 രൂപ നിരക്കിലാണ് ഡോളമൈറ്റും വാങ്ങിയത്. ഈ ഉത്പന്നങ്ങൾക്ക് ടെണ്ടർ ക്ഷണിക്കാതെ കി.ഗ്രാമിന് 30 രൂപ, 10 രൂപ നിരക്കാണ് പാണാവള്ളി ഗ്രാമപഞ്ചായത്തിന് നൽകേണ്ടി വന്നത് മരതകം കർഷകഗ്രൂപ്പ് ഈ വളങ്ങൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയത പ്രകാരം മരതകം കർഷകഗ്രൂപ്പ് റെയ്ഡ്കോയിൽ നിന്നും കി.ഗ്രാമിന് 23 രൂപ നിരക്കിൽ എല്ലുപൊടിയു കി.ഗ്രാമിന് 5.50 രൂപ നിരക്കിൽ (5% ജി.എസ്.ടി ഉൾപ്പടെ) വാങ്ങിയ ഡോളമൈറ്റുമാണ് കി.ഗ്രാമിന് യഥാക്രമം 7 രൂപ, 4.50 രൂപ വീതം അധികം വാങ്ങി ഗ്രാമപഞ്ചായത്തിന് നൽകിയത്. വേപ്പിൻപിണ്ണാക്ക് കി.ഗ്രാമിന് 22.50 രൂപ നിരക്കിലാണ് പൂജ ആഗ്രി ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി 7.50 രൂപ അധികനിരക്കിൽ പഞ്ചായത്തിന് നൽകിയത്. സമീപ പഞ്ചായത്തുകളിൽ കി.ഗ്രാമിന് 21.90 രൂപ, 5.10 രൂപ നിരക്കിൽ ഇവ ലഭിച്ചതിനാൽ ഗ്രാമപഞ്ചായത്ത് ടെണ്ടർ നൽകിയാൽ മരതകം വാങ്ങിയതിലും കുറഞ്ഞ നിരക്കിൽ ഇവ ലഭ്യമാകുന്ന സാഹചര്യവുമുണ്ടായിരുന്നു. ടെണ്ടറില്ലാതെ നേരിട്ട് വാങ്ങാൻ സർക്കാർ അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ഇവ നേരിട്ട് വാങ്ങാമായിരുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതികളിലായി 30,345 കി.ഗ്രാം വേപ്പിൻപിണ്ണാക്ക്, 18,500 കി.ഗ്രാം എല്ലുപൊടി 24160 കി.ഗ്രാം ഡോളാമൈറ്റ് എന്നിവയാണ് ആകെ വാങ്ങിയത്. മരതകം എന്ന കർഷക ഗ്രൂപ്പിന് ലഭ്യമായ നിരക്ക് പരിഗണിച്ചാൽ തന്നെ വളങ്ങളുടെ വിലയായി അധികം നൽകേണ്ടിവന്ന 4,65,808/- രൂപയുടെ (30345 x 7.50 + 18500 x 7.00+ 24160 x4.50) അധികച്ചെലവ് ഒഴിവാക്കാമായിരുന്നു. തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോക്യൂർമെന്റ് മാന്വൽ, സ്റ്റോർ പർച്ചേഴ്സ് മാന്വൽ നിബന്ധനങ്ങൾക്കു വിരുദ്ധമായി വാങ്ങൽ നടത്തിയ നടപടി ക്രമപ്രകാരമല്ല.ഇപ്രകാരമുള്ള വാങ്ങലിനായി സർക്കാരിൽ നിന്ന് മുൻകൂർ അനുവാദം തേടിയിട്ടില്ല. കൂടാതെ മരതകം കർഷകഗ്രൂപ്പിന്റെ ജി.എസ്.ടി നമ്പർ ബില്ലുകളിൽ ഇല്ല സ്ഥാപനത്തിന്റെ ജി.എസ്.ടി രജിസ്ട്രേഷൻ വിവരങ്ങളും ലഭ്യമല്ല. ഗ്രാമപഞ്ചായത്തിൽ വാങ്ങിയ ഡോളമൈറ്റ് 5% നിരക്കിൽ ജി.എസ്.ടി ബാധകമായ ഉത്പന്നമാണ്. 2017-18 സാമ്പത്തിക വർഷം 10 രൂപ നിരക്കിൽ 24160 കി.ഗ്രാം ഡോളോമൈറ്റാണ് ഗ്രാമപഞ്ചായത്തിൽ വാങ്ങിയത്. ഇതിന്റെ ജി.എസ്.ടി ഇനത്തിൽ 12,080/- രൂപയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നഷ്ടമായത്. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ടെണ്ടറില്ലാതെ വളം വാങ്ങലിനായി വിവിധ പദ്ധതികളിലായി ചെലവഴിച്ച **17,06,950/-** രൂപയുടെ ചെലവ തടസ്സപ്പെടുത്തുന്നു

## 3-2(5) <u>തെരുവ് വിളക്ക് റിപ്പയർ -വിതരണ വിവരങ്ങളില്ല</u>

(പ്രോജക്ട് നം. – 122/18-S.O)

ബിൽ നം. – 54/17-18 Rs.34,529/-dt 28/03/18

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്ക് റിപ്പയർ പ്രവൃത്തികളുടെ 2016-17 മുതലുള്ള കരാർ നൽകിയിരുന്നത ശ്രീ.ജയകുമാർ, തെക്കേകണ്ണാട്ട് വെളി, മണപ്പുറം എന്ന വ്യക്തിക്കാണ്. കരാർ കാലാവധി അവസാനിക്കുന്നതിന മുമ്പായി ഇദ്ദേഹവുമായുള്ള കരാർ റദ്ദാക്കി പുതിയ കരാറുകാരനെ പഞ്ചായത്ത് പ്രവൃത്തി ഏൽപ്പിക്കുകയുണ്ടായി കരാർ കാലയളവിൽ 2/02/2017, 25/03/2017 തീയതികളിലായി ശ്രീ. ജയകുമാർ ഗ്രാമപഞ്ചായത്തിൽ നിന്നും 193 ട്യൂബുകൾ, 60 ചോക്കുകൾ, 150 സ്റ്റാർട്ടർ, 48സൈഡ് ഹോൾഡർ, 100 CFL ബൾബുകൾ എന്നിവ കൈപ്പറ്റിയിരുന്നു എന്നാൽ ഇവയുടെ വിതരണവിവരങ്ങളോ ബാക്കിയുള്ള ഉപകരണങ്ങളോ തിരികെ നൽകാതെയാണ കരാറുകാരന്റെ പ്രവൃത്തി അവസാനിപ്പിച്ചത്. ഈ ഉപകരണങ്ങളുടെ വിതരണവിവരങ്ങൾ ഹാജരാക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം സെക്രട്ടറി കത്ത് നൽകിയെങ്കിലും കരാറുകാരൻ മറുപടിയോ ഉപകരണങ്ങളോ തിരികെ ലഭ്യമാക്കിയതിന്റെ വിവരങ്ങളില്ല. പിന്നീട് കരാർ കാലയളവിൽ ചെയ്ത പ്രവൃത്തികളുടെ പ്രതിഫലം ആവശ്യപ്പെട്ട് കരാറുകാരൻ കത്ത് നൽകിയതു പ്രകാരം സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ 74 സിംഗിൾ ട്യൂബ് സെറ്റുകളുടെ റിപ്പയർ, 56 ഡബിൾ ട്യൂബ് സെറ്റുകളുടെ റിപ്പയർ, 75 CFL

സ്ഥാപിക്കൽ എന്നീ വർക്കുകൾക്കായി യഥാക്രമം 165 രൂപ, 199 രൂപ, 149 രൂപ നിരക്കിൽ ആകെ 34,529/- രൂപ നൽകിയിട്ടുണ്ട്. കരാറുപ്രകാരം സി.എഫ്.എൽ സ്ഥാപിക്കലിന് 99 രൂപയാണ് നിരക്കെന്നിരിക്കെ സി.എഫ്.എല്ലുകളുടെ റിപ്പയർ & ഫിറ്റിംഗിനുള്ള നിരക്കായ 149 രൂപ വീതമാണ് നൽകിയിട്ടുള്ളത്. ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ വാങ്ങൽ ബില്ലുകൾ പ്രകാരം സ്ഥാപിക്കുന്ന സി.എഫ്.എൽ, ട്യൂബുകൾ എന്നിവക്ക് ഒരുവർഷം മുതൽ രണ്ട് വർഷം വരെ വാറന്റിയുള്ളവയാണ്. എല്ലാ റിപ്പയർ വർക്കുകളിലും ബൾബുകളും ഉപകരണങ്ങളും മാറ്റി സ്ഥാപിക്കേണ്ട ആവശ്യമില്ല. ആയതിനാൽ തന്നെ കൈപ്പറ്റിയ ഉപകരണങ്ങളുടെ എണ്ണവും ചെയ്തിട്ടുള്ള റിപ്പയർ വർക്കുകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. പഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ ഉപകരണങ്ങളുടെ വിതരണവിവരങ്ങൾ ഹാജരാക്കാതെ കരാറുകാരന്റെ പ്രതിഫലം പൂർണ്ണമായി നൽകിയത് ക്രമപ്രകാരമല്ല. കരാറുകാരൻ കൈപ്പറ്റിയ ഉപകരണങ്ങളുടെ വിതരണവിവരങ്ങൾ കൃത്യമായി ഹാജരാക്കാത്ത സാഹചര്യത്തിൽ ഈയിനത്തിലെ നഷ്ടം കണക്കാക്കി ഈടാക്കുവാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2(6) <u>തെരുവുവിളക്കുകളുടെ റിപ്പയർ - എല്ലാ അറ്റകുറ്റപ്പണികൾക്കും ഉയർന്ന നിരക്കിൽ കരാർ നൽകി</u>

പ്രോജക്റ്റ് നം. – 22/18

ബിൽ നം. – 52/17-18, Rs.150000/-, c/o 26.03.18

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്ക് റിപ്പയർ പ്രവൃത്തികളുടെ ടെണ്ടർ പ്രകാരം 2017 ഒക്ടോബർ മുതലുള്ള റിപ്പയർ കരാർ നൽകിയിരിക്കുന്നത് ശ്രീ. അജിത് പ്രസാദ്, മുഹമ്മ എന്നയാൾക്കാണ്. കരാറിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ഡബിൾ ട്യൂബ് സെറ്റുകൾ 625/- രൂപ, സിംഗിൾ ട്യൂബ് സെറ്റുകൾ 450/- രൂപ, സിംഗിൾ സി.എഫ്.എൽ 320/- രൂപ, ഡബിൾ സി.എഫ്.എൽ 400/- രൂപ എന്നിങ്ങനെയുള്ള നിരക്കിലാണ് കരാർ നൽകിയിട്ടുള്ളത്. എല്ലായിനങ്ങളിലും ഉപകരണങ്ങളുടെ വിലയും നിരക്കിലുൾപ്പെട്ടിട്ടുണ്ട്. കരാർ ഒപ്പിട്ട കാലയളവു മുതൽ 2,61,580/- രൂപ റിപ്പയർ പ്രവൃത്തികൾക്കായി കരാറുകാരന് നൽകിയിട്ടുണ്ട്. എല്ലാ വർക്കുകളിലും ഉപകരണങ്ങളുടെ വില ഉൾപ്പെട്ട നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എല്ലാ റിപ്പയറുകളിലും ബൾബുകളും ഉപകരണങ്ങളും മാറ്റി സ്ഥാപിക്കേണ്ട ആവശ്യമില്ലാത്തതാണ്. അതേ പോലെ സ്ഥാപിച്ച ഉപകരണങ്ങളുടെ വാറന്റി കാലയളവിൽ ഇവ മാറ്റി വാങ്ങാനുള്ള സാധ്യതയുമുള്ളതാണ്. കൂടാതെ മുൻ വർഷങ്ങളിൽ പഞ്ചായത്ത് വാങ്ങിയ തെരുവുവിളക്ക് ഉപകരണങ്ങൾ വിതരണം ചെയ്യാതെ അവശേഷിക്കുന്ന സാഹചര്യവുമുണ്ട്. കരാറുകാരൻ ഹാജരാക്കുന്ന കണക്കുകൾ മെമ്പർമാർ സാക്ഷ്യപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക അനുവദിക്കുന്ന രീതിയാണ് പിൻതുടരുന്നത്. അറ്റകുറ്റപ്പണികൾ ആവശ്യമായ തെരുവുവിളക്കുകളുടെ കണക്കെടുക്കുകയോ അവയിൽ ചെയ്യേണ്ട പ്രവൃത്തികളുടെ വിവരങ്ങളും എസ്റ്റിമേറ്റും നേരിട്ട് പരിശോധന നടത്തി കണക്കാക്കി കരാറുകാരനെ അറിയിക്കുകയോ ചെയ്ത പ്രവൃത്തികൾ വിലയിരുത്തുകയോ ചെയ്യുന്ന സാഹചര്യമില്ലാത്തതിനാൽ കരാറുകാരന്റെ കണക്കുകൾ അതേ പോലെ അംഗീകരിക്കപ്പെടുന്ന സാഹചര്യമാണുള്ളത്. ഈ കാര്യങ്ങളൊന്നും പരിഗണിക്കാതെ കരാറുകാരൻ തന്നെ ഉപകരണങ്ങളുടെ വിലയുൾപ്പെടാത്ത നിരക്കും ക്വാട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും ഉപകരണങ്ങളുടെ വില കൂടി ഉൾപ്പെട്ട നിരക്കിൽ റിപ്പയർ കരാർ നൽകിയത് പഞ്ചായത്തിന്റെ ഉത്തമതാത്പര്യങ്ങൾ സംരക്ഷിക്കുന്ന നടപടിയല്ല. ഉപകരണങ്ങളുടെ റീ-പ്ലേസ്മെന്റ് വേണ്ടാത്ത അറ്റകുറ്റപ്പണികൾ സംബന്ധിച്ച കാര്യങ്ങളിൽ നിലവിൽ പ്രത്യേക വ്യവസ്ഥകളില്ല. ഈ കാര്യങ്ങൾ പരിഗണിച്ച് തെരുവുവിളക്കുകളുടെ റിപ്പയർ പ്രവൃത്തികളുടെ കരാർ സംബന്ധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി ഈയിനത്തിലെ അധികച്ചെലവിനുള്ള സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2(7) <u>സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികളിലെ അപാകങ്ങൾ</u>

പാണാവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2017-18 ൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

**01. അംഗൻവാടികൾക്കും ഘടകസ്ഥാപനങ്ങൾക്കും കുടിവെള്ള കണക്ഷൻ** (പ്രോജക്റ്റ് നം-124/18- എസ്.ഒ)

ബിൽ നം-51/2017-18 Rs.149620/- c/o 22.03.18

ഈ പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതുപ്രകാരം കുറഞ്ഞ നിരക്ക് (എസ്റ്റിമേറ്റ് നിരക്ക്) ക്വാട്ട് ചെയ്ത ശ്രീ പ്രകാശൻ കളപ്പുരയ്ക്കൽ എന്നയാൾക്കാണ് പ്രവൃത്തി നൽകിയത്. പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. എസ്റ്റിമേറ്റ് നിരക്കിൽ ശ്രീ. പ്രകാശൻ ഒരു വാട്ടർ കണക്ഷന് 6722/- രൂപയാണ് ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ ശ്രീ. പ്രകാശൻ 02.03.2018-ൽ ഹാജരാക്കിയ ഇൻവോയ്സ് പ്രകാരം ഘടകസ്ഥാപനങ്ങൾക്ക് കുടിവെള്ള കണക്ഷന് 9575/- രൂപ നിരക്കിലും അംഗൻവാടികൾക്ക് 10324/- രൂപ നിരക്കിലുമാണ് നൽകിയിരിക്കുന്നത്. ഈ രണ്ട് പ്രവർത്തികളിലുമായി 16031/- രൂപ ജി.എസ്.ടി ഇനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് പ്രകാരമുള്ള ജി.എസ്.ടി. നമ്പർ പ്രകാരം 10.07.2018 മുതൽ മാത്രമാണ് ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്തിട്ടുള്ളത്. ഈ പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് ഈടാക്കിയ ജി.എസ്.ടി ഒടുക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കാതെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചത് ക്രമപ്രകാരമല്ല. ഓരോ സ്ഥാപനങ്ങളിലേക്കും ആവശ്യമായ ലൈനിന്റെ നീളം, റോഡ് കട്ടിംഗ് ഉൾപ്പടെയുള്ള കാര്യങ്ങൾ മുൻകൂട്ടി കണക്കാക്കാതെ കരാറുകാരന്റെ ബിൽ പ്രകാരം തുക അനുവദിച്ചത് ശരിയായ നടപടിയല്ല. കരാറുകാരൻ ഹാജരാക്കിയ ബില്ലിന്മേലുള്ള പരിശോധനയും നടത്തിയിട്ടില്ല.

**02.പഞ്ചായത്തിന് വാഹനം (പ്രോജക്ട് നം-126/18- എസ്.ഒ)**

ബിൽ നം. – 7/2017-18, Rs.21800/-, c/o 18.07.17

ഗ്രാമപഞ്ചായത്ത് വാങ്ങിയ വാഹനത്തിന്റെ ഇൻഷ്വറൻസ് പ്രീമിയം നൽകുന്നതിനായി ഈ പദ്ധതിയിൽ നിന്നും 21,800/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുക ഇൻഷ്വറൻസ് കമ്പനിയുടെ അക്കൗണ്ടിലേക്ക് നൽകാതെ ഏജന്റിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. കൂടാതെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം കുറഞ്ഞ നിരക്കിൽ ചെയ്യാമെന്നിരിക്കെ ആ സാധ്യത പരിഗണിച്ചിട്ടില്ല. ഇപ്രകാരം ക്രമപ്രകാരമല്ലാത്ത ചെലവഴിക്കലുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അംഗീകൃത ഇൻഷ്വറൻസ് കമ്പിനിയുടെ പേരിലല്ലാതെ തുക നൽകിയത് ക്രമപ്രകാരമല്ല

**03.എസ്.എസ്.എ. വിഹിതം (പ്രോജക്ട് നം-2/18)**

(ബിൽ നം-2/2017-18 Rs.12,00,000/- c/o 06.07.17)

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളുടെ അക്കാദമിക്, അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾക്കായി ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ.ക്ക് 2017-18 വർഷം 12,00,000/- രൂപ നൽകിയിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയ ആക്ഷൻ പ്ലാൻ പ്രകാരം CWSN friendly toilet, major repair പോലുള്ള അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളും ധാരാളം പരിശീലനപരിപാടികളും ഉൾപ്പെട്ടിട്ടുണ്ട് ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ 2017-18 ൽ ഈ ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

**04.വൈദ്യുതി ലൈൻ നീട്ടൽ (പ്രോജക്ട് നം-127/18)**

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്ട്രീറ്റ് ലൈൻ നീട്ടുന്നതിനായി ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും 9,00,000/- രൂപ (ചെക്ക് നം. 2752803/ 26.09.2017) തൻവർഷം നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി അരൂക്കുറ്റി സെക്ഷൻ ഓഫീസിനുകീഴിലുള്ള 16 പ്രവൃത്തികളുടേയും പൂച്ചാക്കൽ സെക്ഷൻ ഓഫീസിനുകീഴിലുള്ള 22 പ്രവൃത്തികൾക്കുമായി കെ.എസ്.ഇ.ബി തയ്യാറാക്കി നൽകിയ ആകെ 64,76,415/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം മുൻവർഷം 9,00,000/- രൂപ നൽകിയത് ഉൾപ്പെടെ ആകെ 18,00,000/- രൂപ ഇതിനകം നൽകിയിട്ടുണ്ട്. ഈ തുകക്ക് എല്ലാവാർഡുകളിലും 1,00,000/- രൂപയിൽ പരിമിതപ്പെടുത്തി പ്രവർത്തികൾ ചെയ്യുന്നതിന് കെ.എസ്.ഇ.ബി യോട് അഭ്യർത്ഥിച്ച് 05.12.2017 ൽ ബി-2001/2016 നമ്പർ കത്ത് പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ആകെ 38 പ്രവർത്തികളിൽ പകുതിയോളം 1.50 ലക്ഷം രൂപയ്ക്കടുത്ത് മാത്രം ചെലവ് വരുന്നതാണ്. ഇവയിൽ ചിലത് പട്ടികജാതി, പട്ടിക വർഗ്ഗ പദ്ധതികളിലുൾപ്പെടുത്തി മറ്റ് പ്രോജക്ടുകൾ വഴി പണം നൽകിയിട്ടുള്ളതാണ് നൽകിയ 18,00,000/- രൂപ ചെലവഴിച്ച് മുൻഗണനാക്രമം നിശ്ചയിച്ച് പല പ്രവർത്തികളും പൂർണ്ണമായ

പൂർത്തീകരിക്കുവാൻ സാധിക്കുമെന്നിരിക്കെ എല്ലാ പ്രവൃത്തികൾക്കുമായി ഒരു നിശ്ചിത സംഖ്യ വീതം മാറ്റി വയ്ക്കുന്നത് മൂലം ഒരു പ്രവൃത്തിയും സമയബന്ധിതമായി പൂർത്തികരിക്കുന്നതിനോ ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനോ സാധിക്കാത്ത സ്ഥിതിയാണുണ്ടാവുന്നത്. കാലതാമസം മൂലം എസ്റ്റിമേറ്റ് നിരക്ക് പലതവണയായി പുതുക്കേണ്ടതും പദ്ധതി അനന്തമായി നീളുന്നതുമായ സാഹചര്യവും ഉണ്ടാകുന്നതാണ്. മുൻഗണനാക്രമം നിശ്ചയിച്ച് പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണമായി നടത്തുന്ന വിധം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**05. പി.എച്ച്.സിക്ക് അധിക സൗകര്യങ്ങൾ (പ്രോജക്ട് നം-128/18)**

(ബിൽ നം-19/2017-18, Rs.19650/-, c/o 29.07.17 & 14/17-18, Rs. 242355/-, c/o – 29.07.17)

മേൽ പദ്ധതി പ്രകാരം സിഡ്കോയിൽ നിന്നും FRP Rest bench 15 എണ്ണം വാങ്ങിയതിന് 242355/- രൂപയും ഫ്രണ്ട് ഓഫീസിന് കാബിൻ നിർമ്മിച്ചതിന് 19650/- രൂപയും 27/03/17ലെ SMCALPY/16-17/0317 നം ഇൻവോയ്സ് പ്രകാരം സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. മേൽ ഇൻവോയ്സ് പ്രകാരം സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട വാറ്റ് തുക 37,991/- രൂപ പഞ്ചായത്ത് സിഡ്കോയ്ക്ക് നൽകുകയോ സർക്കാർ ഹെഡിൽ ഒടുക്കിയതായോ രേഖകളില്ല. ഈ തുക ഒടുക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-2(8) <u>വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല</u>

ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾ/ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും ഏജൻസികളുമായി കരാറിലേർപ്പെട്ടതിന്റെയും തുക വിനിയോഗിച്ച് പ്രവൃത്തികൾ നിർവ്വഹിച്ചതിനും രേഖകളില്ല.

| നം. | പ്രവൃത്തി | പ്രോജക്ട് നം. | തുക | ഏജൻസി | ബിൽ നം. & തിയതി |
|---|---|---|---|---|---|
| 1 | പോസ്റ്റ് മാറ്റൽ | 183/18 | 37,444/- | KSEB | 37/17-18, dt – 06.01.18 |
| 2 | പോസ്റ്റ് മാറ്റൽ-കാരിച്ചിറ റോഡ് | 196/18 | 12,594/- | KSEB | 38/17-18, dt – 06.01.18 |
| 3 | PMAY വിഹിതം – Sec GP | 208/18 | 20,000/- | തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 49/17-18, dt – 26.03.18 |
| 4 | ലൈൻ നീട്ടൽ (Asst. Sec) | 210/18 | 1,99,479 | KSEB | 51/17-18, dt – 28.03.18 |
| 5 | ലൈൻ നീട്ടൽ (Asst. Sec) | 154/18 | 1,42,538 | KSEB | 32/17-18, dt – 19.02.18 |
| 6 | ലൈൻ നീട്ടൽ (Asst. Sec) | 62/18 | 1,18,110 | KSEB | 2/17-18, dt – 30.06.17 |
| | **ആകെ** | | **530165** | | |

വ്യക്തമായ കരാർ വ്യവസ്ഥകളില്ലാതെ മുൻകൂർ തുക അനുവദിക്കുന്നത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മേൽ പ്രവർത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2(9) അംഗീകാരം ലഭിച്ച പദ്ധതികൾ ഉപേക്ഷിക്കപ്പെടുന്നു - പദ്ധതി ആസൂത്രണത്തിലെ വീഴ്ച

ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ച പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ സാങ്കേതികമായി തടസ്സമുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചതിനാൽ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിനും പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും ഗ്രാമ പഞ്ചായത്ത് കമ്മറ്റിയിടെ 20.10.2017-ലെ 25(3) പ്രകാരം തീരുമാനിച്ചു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ഉപേക്ഷിക്കാനുള്ള കാരണം |
|---|---|---|
| 1 | 104/18 മായിത്തറ- മണിയംപള്ളി റോഡ് മെയിന്റനൻസ് | സാങ്കേതിക അനുമതി ലഭ്യമായിട്ടില്ല |
| 5 | 189/18 പൂച്ചാക്കൽ കരീത്തറ റോഡ് നിർമ്മാണം | ഫീസിബിലിറ്റി ലഭിച്ചിട്ടില്ല |
| 6 | 156/18തളിയാപറമ്പ് എൽ.പി. സ്കൂൾ മേൽക്കൂര മാറ്റൽ | സാങ്കേതിക അനുമതി ലഭ്യമായിട്ടില്ല |
| 7 | 80/18 പള്ളിക്കുളങ്ങര ഗീതാനന്തപുരം റോഡ് ഗ്രാവലിംഗ് | പ്രദേശപരമായ തർക്കം |
| 8 | 84/18 അംഗൻവാടി റിപ്പയർ | പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചു |
| 9 | 119/18 കൃഷിഭവൻ അധികസൗകര്യം | സ്ഥല ലഭ്യത ഇല്ല |

2017-18 വാർഷിക പദ്ധതി തയാറാക്കുന്നതിനുള്ള ജി.ഒ (എം.എസ്) നം. 72/2017/എൽ.എസ്.ജി.ഡി തീയതി 29.03.2017 എന്ന സർക്കാർ ഉത്തരവ് പ്രകാരം ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ വികസനരേഖ തയ്യാറാക്കൽ, ഗ്രാമസഭകൾ/ഊരുകൂട്ടങ്ങൾ യോഗം ചേരൽ, വികസന സെമിനാർ, വാർഷിക പദ്ധതികൾക്ക് അന്തിമ രൂപം നൽകൽ എന്നീ ഘട്ടങ്ങൾക്ക് ശേഷമാണ് പ്രോജക്ടുകൾ തയാറാക്കേണ്ടത് തൻവർഷം ഉപേക്ഷിക്കപ്പെട്ട ഈ പ്രോജക്ടുകൾ തയാറാക്കുന്നതിന് മുൻപായി മേൽപറഞ്ഞ ഘട്ടങ്ങളിലൂടെ കടന്നുപോയെങ്കിലും അതാത് ഘട്ടങ്ങളിൽ പ്രോജക്ടുകളുടെ നടപ്പിലാക്കാനുള്ള സാധ്യത, പ്രായോഗികത എന്നിവ വിലയിരുത്താത്തതിനാലും മുന്നൊരുക്കവും ഫീസിബിലിറ്റി പഠനവും നടത്താതെ പ്രോജക്ടുകൾ രൂപീകരിക്കപ്പെട്ടതിനാലും പ്രോജക്ടുകൾ ഉപേക്ഷിക്കേണ്ടി വന്നു. മാത്രമല്ല ഇതിനായി പകരം പ്രോജക്ടുകൾ രൂപീകരിക്കാനുള്ള വിലയേറിയ സമയവും നഷ്ടമായി. വികേന്ദ്രീകൃതാസൂത്രണപ്രക്രിയയുടെ സത്ത ഉൾക്കൊണ്ട പ്രാദേശികവികസനത്തിന് പൂർണ്ണമായി അനുയോജ്യമായ വിധത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കാനും, ആയതിന്റെ ആസൂത്രണ-നിർവ്വഹണ ഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാൻഡിംഗ് കമ്മിറ്റികൾ, പഞ്ചായത്ത് ഭരണസമിതി എന്നിവയുടെ സജീവമായ ഇടപെടൽ ഉറപ്പുവരുത്താനും ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 3-2(10) <u>മത്സ്യസഭ – യോഗം ചേർന്നിട്ടില്ല</u>

29.03.2017-ലെ ജി.ഒ.(എം.എസ്)72/2017/ത.സ്വ.ഭ.വ പദ്ധതി മാർഗ്ഗരേഖ പ്രകാരം കുറഞ്ഞത് 25 മത്സ്യത്തൊഴിലാളികളെങ്കിലും രജിസ്റ്റർ ചെയ്തിട്ടുള്ള വാർഡുകളിൽ ഗ്രാമസഭയ്ക്ക് മുമ്പായി മത്സ്യസഭ നിർബന്ധമായും വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട മത്സ്യസഭ കൂടിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ മത്സ്യ തൊഴിലാളികളുടെ വാർഡു തിരിച്ചുള്ള എണ്ണവും മത്സ്യസഭ കൂടാത്തതിന്റെ കാരണവും അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക മത്സ്യതൊഴിലാളികളുടെ വാർഡ് തിരിച്ചുള്ള എണ്ണം കണക്കാക്കിയിട്ടില്ലെന്നും ആകെ 1260 രജിസ്റ്റേഡ് മത്സ്യതൊഴിലാളികളുണ്ടെന്നും മത്സ്യവകുപ്പിന്റെ പ്രഖ്യാപിത മത്സ്യഗ്രാമങ്ങളുള്ളിടത്താണ് മത്സ്യ സഭ കൂടുന്നതിന് നിർദ്ദേശമുള്ളതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. ഓരോ വാർഡിലേയും മത്സ്യതൊഴിലാളികളുടെ എണ്ണം കണക്കാക്കി പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി കുറഞ്ഞത് 25 മത്സ്യത്തൊഴിലാളികളെങ്കിലും രജിസ്റ്റർ ചെയ്തിട്ടുള്ള വാർഡുകളിൽ ഗ്രാമസഭയ്ക്ക് മുമ്പായി മത്സ്യസഭ വിളിച്ചുകൂട്ടുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2(11) <u>പൊതുമരാമത്ത് വർക്ക് വികസനകാഴ്ചപ്പാടില്ല.</u>

പൊതുമരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് പ്രത്യേക വികസനകാഴ്ചപ്പാടുള്ളതായി കാണുന്നില്ല

പഞ്ചാത്തല വികസനത്തിലൂടെ മാത്രമേ തനതായ വികസനം സാദ്ധ്യമാകൂ എന്നിരിക്കേ ആവശ്യമായ പരിഗണന ഈ മേഖലയ്ക്ക് നൽകിയിട്ടില്ല എന്നത് പഞ്ചായത്തിന്റെ വികസനകാഴ്ചപ്പാടിന്റെ പോരായ്മയാണ്.

പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള സ്റ്റാറ്റസ് റിപ്പോർട്ട് കില യുടെ നിർദ്ദേശങ്ങൾക്കനുസരണമായി തയ്യാറാക്കിയിട്ടില്ല. ഇതിൽ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പേരുകൾ ചേർത്തിട്ടില്ല. അടിസ്ഥാന വിവരങ്ങളിൽ റോഡുകളുടെ സ്ഥിതി വിവരങ്ങൾ, കലുങ്ക്, പാലം, തുടങ്ങിയവയുടെ വിവരങ്ങൾ , വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അംഗൻവാടികൾ, ആശുപത്രികൾ തുടങ്ങിയവയുടെ കെട്ടിടങ്ങളുടെ വിവരങ്ങൾ എന്നിവ ചേർത്തിട്ടില്ല. ഇവയുടെ അവസ്ഥാവിശകലനവും നടത്തിയിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വികസന ലക്ഷ്യമായി പറയുന്നത് (1)മുഴുവൻ റോഡുകളും ടാർ ചെയ്യുക (2) പൊതു കെട്ടിടങ്ങളുടെ നിലവാരമുയർത്തുക (3) കോളനികളുടെ നിലവാരമുയർത്തുക (4) മുഴുവൻ പ്രദേശങ്ങളിലൂടെയും റോഡുകൾ സ്ഥാപിക്കുക എന്നിവയാണ്. എന്നാൽ റോഡുകളുടെ ലിസ്റ്റ്, റോഡ് മാപ്പ്, റോഡ് കണക്ടിവിറ്റി മാപ്പ്, എന്നിവ പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. മാത്രമല്ല പൊതു കെട്ടിടങ്ങളുടേയും കോളനികളുടേയും ശരിയായ വിവരങ്ങൾ പഞ്ചായത്ത് ശേഖരിച്ചിട്ടില്ല. ഇതിനെല്ലാം പുറമേ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുമില്ല. ഇത്തരം ഒരവസ്ഥയിൽ ഏതു രീതിയിൽ വികസന ലക്ഷ്യം കൈവരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തും എന്നുള്ളതുതന്നെ വെല്ലുവിളിയാണ്.

2017-18 മുതൽ 2021-22 വരെയുള്ള 5 വർഷങ്ങളിൽ മുകളിൽ കാണിച്ചിട്ടുള്ള 4 വികസന ലക്ഷ്യങ്ങളിലും 20% വീതം വികസനം കൈവരിക്കണമെന്നാണ് സ്റ്റാറ്റസ് റിപ്പോർട്ടിൽ പറയുന്നത്. എന്നാൽ ഇതു കണക്കിലെടുത്തുകൊണ്ടല്ല 2017-18 ൽ തന്നെ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്.

പൊതുമരാമത്ത് മേഖലയിലെ പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | എണ്ണം | തുക |
|---|---|---|
| അംഗീകരിച്ച പ്രോജക്ടുകൾ | 95 | 32554821 |
| നടപ്പാക്കിയ പ്രോജക്ടുകൾ | 54 | 16029332 (49.23%) |
| റോഡ് ടാറിംഗ് പ്രോജക്ടുകൾ | 25 | 10367110 |
| കെട്ടിടം മെയിന്റനൻസ് പ്രോജക്ടുകൾ | 13 | 6535811 |
| കെട്ടിട നിർമ്മാണം | 3 | 2100000 |
| കല്ലുകെട്ട്,കലുങ്ക് മറ്റുള്ള പ്രോജക്ടുകൾ | 8 | 2971900 |
| റോഡ് നിർമ്മാണം & മെയിന്റനൻസ് പ്രോജക്ടുകൾ | 46 | 10580000 |
| ഏറ്റെടുത്ത സ്പിൽഓവർ പ്രോജക്ടുകൾ | 41 | - |
| പൂർത്തിയാക്കിയ സ്പിൽഓവർ പ്രോജക്ടുകൾ | 14 | - |

മുകളിൽ കാണിച്ചിട്ടുള്ളതിൽ നിന്നും റോഡ് വർക്കിന് അമിത പ്രാധാന്യം നൽകിയതായും വകയിരുത്തിയതിന്റെ 50 ശതമാനത്തിൽ താഴെ മാത്രം ചെലവ് ചെയ്തിട്ടുള്ളു എന്നും കാണുന്നു.

പൊതുമരാമത്ത് മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ പഞ്ചായത്ത് കമ്മറ്റിയോ കാര്യക്ഷമമായ ചർച്ചകളൊന്നും നടത്തിയതായി കാണുന്നില്ല എന്നത് ഈ മേഖലയോടുള്ള അവഗണനയാണെന്ന് വിലയിരുത്തുന്നു.

## 3-3 ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ

## 3-3(1) മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ - അധിക തുക ചെലവഴിച്ചു.

മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ വാങ്ങുന്നതിനായി തയ്യാറാക്കിയ S0015/18 നമ്പർ പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 450000/- രൂപ (90x5000) വകയിരുത്തിയിരുന്നു. പ്രോജക്ടിനായി ആകെ 449984/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ബിൽ ക്രമ നം. 1/16.11.2017, 249984/-

ബിൽ ക്രമ നം. 2/03.03.2018, 200000/-

ഫർണീച്ചർ വാങ്ങുന്നതിനായി SIDCO ഹാജരാക്കിയ പ്രോഫോർമ ഇൻവോയ്സ് നം. 79/21.07.2017പ്രകാരം രേഖപ്പെടുത്തിയിരുന്ന നിരക്ക് ചുവടെ ചേർക്കുന്നു.

| ഫർണിച്ചർ | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| Special Steel Table 30”x16”x30” with one drawer x 1 cb 22g | 1 | 2500 | 2500 |
| Steel Chair 3/4 round powder coated frame | 1 | 1406 | 1406 |
| CGST 14% | | | 547 |
| SGST 14% | | | 547 |
| ആകെ | | | 5000 |

07.10.2017- ൽ മേശയും കസേരയും 50 എണ്ണം വീതം ലഭ്യമാക്കുവാൻ സപ്ലൈ ഓർഡർ നൽകിയതിൽ 449984/- രൂപയ്ക്ക് മേശയും കസേരയും ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് 19.01.2018-ൽ മേശയും കസേരയും 40 എണ്ണം വീതം ലഭ്യമാക്കുവാൻ സപ്ലൈ ഓർഡർ നൽകി. GST നിരക്ക് 28% എന്നത് 18% ആയി കുറഞ്ഞെങ്കിലും ബില്ലിൽ മേശയുടേയും കസേരയുടേയും വില കൂട്ടി കാണിച്ച് 5000/- രൂപ പ്രകാരം തന്നെയാണ് ഫർണീച്ചർ സപ്ലൈ ചെയ്തത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫർണിച്ചർ | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| Special Steel Table 30”x16”x30” with one drawer x 1cb 22g | 1 | 2760 | 110400 |
| Steel Chair 3/4 round powder coated frame | 1 | 1477.28 | 59091.20 |
| CGST 9% | | | 15254.21 |
| SGST 9% | | | 15254.21 |
| ആകെ | | | 199999.62 |

മേശയ്ക്കും കസേരയ്ക്കും അധിക വില നൽകിയതുമൂലം ഗ്രാമ പഞ്ചായത്തിന് ചുവടെ ചേർക്കും പ്രകാരം 1563 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

**നൽകാവുന്ന തുക**

മേശ 40 എണ്ണം @ 2500 - 100000/-

കസേര 40 എണ്ണം@1406 - 56240/-

ആകെ - 156240/-

CGST 9% - 14061.60

SGST 9% - 14061.60

ആകെ - 184363.20

അധികം നൽകിയത് = 200000 – 184363 = 15637/- രൂപ

മേശയ്ക്കും കസേരയ്ക്കും പ്രൊഫോർമ ഇൻവോയ്സിനേക്കാളും അധികനിരക്ക് നൽകിയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/26.12.2018) തുക സിഡ്കോയിൽ നിന്നും ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. തുക സ്ഥാപനത്തിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

SIDCO യുമായി കരാർ വയ്ക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. SIDCO നിർമ്മിച്ചുനൽകുന്ന ഫർണിച്ചർ മാത്രമാണ് ടെൻഡർ കൂടാതെ വാങ്ങുവാൻ അനുമതിയുള്ളത്. എന്നാൽ വാങ്ങിയ ഫർണിച്ചർ SIDCO പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടതല്ല. SIDCO നിർമ്മിക്കാത്ത ഫർണിച്ചർ ടെൻഡർ നടപടി കൂടാതെ വാങ്ങിയത് ക്രമപ്രകാരമല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3(2) വനിതാകൈത്തറി യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് S0140/18

വനിതാ കൈത്തറി യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് (പ്രോജക്ട് നം. S0140/18) എന്ന പ്രോജക്ടിനായി വികസന ഫണ്ടിൽ ഫണ്ടിൽ നിന്നും 25000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രോജക്ടിൽപ്പെടുത്തി ഉപാസന കുടുംബ യൂണിറ്റിന് കൈത്തറി നെയ്ത്ത് മേഖലയിൽ പ്രോത്സാഹനം നൽകുന്നതിനായി 25000/- രൂപ (024/VEO TKLM/17-18 തീയതി. 28.03.2018) ചെലവഴിച്ചിട്ടുണ്ട്. ഉപാസന കുടുംബ യൂണിറ്റിലെ 10 അംഗങ്ങളും കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്നവരാണെന്നും തൊഴിൽ വിപുലീകരണത്തിനായി 22.03.2018-ൽ ബ്രാഞ്ചിൽ നിന്നും 500000/- രൂപ ലോൺ അനുവദിച്ചിട്ടുണ്ടെന്നുമുള്ള പൂച്ചാക്കൽ ജില്ലാ സഹകരണ ബാങ്കിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ തുക ജില്ലാ സഹകരണബാങ്കിന്റെ 67297522146 നമ്പർ അക്കൗണ്ടിലേക്ക് നൽകി. തുക യൂണിറ്റിന്റെ അക്കൗണ്ടിൽ ലഭിച്ചതിന്റെ രേഖയോ കൈപ്പറ്റ് രസീതോ ഹാജരാക്കിയിട്ടില്ല. ജി.ഒ.(എം.എസ്.) നം 80/2017 ത.സ്വ.ഭ.വ തീയതി. 03.04.2017 പ്രകാരം ഈ തുക മൂന്നുമാസം കഴിഞ്ഞ് പ്രതിമാസ തവണകളായി തിരിച്ച് അടയ്ക്കേണ്ടതാണ്. റിവോൾവിംഗ് ഫണ്ട് ഗുണഭോക്താക്കൾക്കുള്ള ധനസഹായമല്ല. താല്ക്കാലികമായ പലിശ രഹിത പ്രോത്സാഹനം മാത്രമാണ്. റിവോൾവിംഗ് ഫണ്ടിന്റെ പ്രതിമാസ തിരിച്ചടവ് തുകയും തവണകളും മറ്റ് വ്യവസ്ഥകളും ഉൾപ്പെടുത്തി യൂണിറ്റും നിർവ്വഹണ ഉദ്യോഗസ്ഥയുമായി കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല. പ്രസ്തുത രേഖകളും യൂണിറ്റിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/28.12.2018) മറുപടി നൽകിയിട്ടില്ല. ഇക്കാരണങ്ങളാൽ 25000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-3(3) ഓട്ടോ ടാക്സി വിതരണം-മാർഗ്ഗരേഖ പ്രകാരമല്ലാതെ നടപ്പാക്കി

പ്രോജക്ട് നം – 8/18 (S.C) & പ്രോജക്ട് നം – 20/18 (S.T)

ബിൽ നം – 28/17-18, Rs. 1,00,000, c/o – 07.01.18 (S.T)

ബിൽ നം - 27/17-18, Rs. 1,00,000, c/o – 07.01.18 (S.C)

ബിൽ നം - 17/17-18, Rs. 5,50,000, c/o – 07.01.18 (S.C)

ഗ്രാമപഞ്ചായത്തിൽ അസി. സെക്രട്ടറി നടപ്പിലാക്കിയ ഓട്ടോ ടാക്സി വിതരണം എന്ന പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽ രണ്ടു പേർക്കും പട്ടികജാതി വിഭാഗത്തിൽ 13 പേർക്കും സ്വയം തൊഴിലിനായി ഓട്ടോടാക്സികൾ വാങ്ങി നൽകിയിട്ടുണ്ട്. എല്ലാ ഗുണഭോക്താക്കൾക്കും പോപ്പുലർ മെഗാമോട്ടോർസ് എന്ന സ്ഥാപനത്തിൽ നിന്നും റ്റാറ്റാ ഐറിസ് എന്ന മോഡൽ വാഹനമാണ് വാങ്ങി നൽകിയത്. സർക്കാർ മാർഗ്ഗരേഖ പ്രകാരം വാർഷികവരുമാന പരിധിക്ക് (എസ്.സി വിഭാഗം) വിധേയമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് / സംരംഭകത്വമിഷൻ അംഗത്വമുള്ള വർക്കാണ് ആനുകൂല്യം നൽകേണ്ടത്. ഇവർ മുമ്പ് സ്വയംതൊഴിലിനായി ഏതെങ്കിലും ഏജൻസികൾ വഴിയോ പരിപാടി പ്രകാരമോ ധനസഹായം ലഭിച്ചവരാകരുത്. നല്കുന്ന വാഹനം ഓടിക്കാനുള്ള ലൈസൻസും ബാഡ്ജും ലഭിച്ചിട്ടുള്ളവരാകണം. ഈ പദ്ധതിക്കായി വായ്പയെടുത്തവരാകണം. തദ്ദേശസ്ഥാപനം നൽകുന്ന ധനസഹായം ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിലേക്കാണ് നൽകേണ്ടത്. ഗുണഭോക്താക്കൾ വായ്പ അടച്ചുതീരുന്ന മുറയ്ക്കാണ് സബ്സിഡി തുക റീലീസ് ചെയ്യേണ്ടത്. ഈ നിബന്ധനകൾ പലതും പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ വരുമാനം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് / സംരംഭകത്വമിഷൻ അംഗത്വം എന്നിവ സംബന്ധിച്ച രേഖകളും ഇവർക്ക് സ്വയംതൊഴിലിനായി ഏതെങ്കിലും ഏജൻസികൾ വഴിയോ പരിപാടി പ്രകാരമോ ധനസഹായം ലഭിച്ചിട്ടില്ല എന്നത് ഉറപ്പുവരുത്തുന്ന രേഖകളും ഹാജരാക്കിയിട്ടില്ല. പല ഗുണഭോക്താക്കൾക്കും ഫോർ വീലർ ഓടിക്കുവാനുള്ള ബാഡ്ജ് ഇല്ല. എസ്.സി വിഭാഗത്തിൽ ആനുകൂല്യം നൽകിയ ശ്രീ. ബിബീഷ് വി.ആർ, വരേകാട്ടുചിറയുടെ അപേക്ഷപ്രകാരം ഹാജരാക്കിയ ലൈസൻസിൽ ഫോർ വീലർ ഓടിക്കുവാനുള്ള ലൈസൻസ് പോലുമില്ല. ഗുണഭോക്താവിന് ഓട്ടോറിക്ഷ ഓടിക്കുന്ന ലൈസൻസ് മാത്രമാണുള്ളത്. ഇതിനെല്ലാം പുറമേ ബാങ്ക് വായ്പയല്ലാതെ സ്വകാര്യഫിനാൻസ് (ടാറ്റാ ഫിനാൻസ്) സ്ഥാപനത്തിൽ നിന്നാണ് ഗുണഭോക്താക്കൾ വായ്പ എടുത്തതായി രേഖപ്പെടുത്തിയിട്ടുള്ളത്. സബ്സിഡി തുക വായ്പാസ്ഥാപനത്തിന് നൽകാതെ വാഹന ഡീലർക്കാണ് നൽകിയിട്ടുള്ളത്. ഗുണഭോക്താക്കൾ വായ്പ എടുത്തത് സംബന്ധിച്ച യാതൊരു രേഖകളും വിവരങ്ങളും (വായ്പതുക, തവണകൾ, പലിശ നിരക്ക് മുതലായവ) പോലും ലഭ്യമല്ല. ബാക്ക് എൻഡ് സബ്സിഡിയായി മാത്രം ചെലവഴിക്കേണ്ട സബ്സിഡി വായ്പ സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ലാതിരിക്കെ മുൻകൂറായി വാഹന ഡീലർക്ക് നൽകി. വാഹനത്തിന്റെ ഇൻവോയ്സല്ലാത്ത മറ്റൊരു രേഖയും ഹാജരാക്കിയിട്ടില്ല. ഇപ്രകാരം മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുവാദമോ പ്രത്യേകാനുമതിയോ തേടിയതായി രേഖകളില്ല. വാഹനത്തിന്റെ ആർ.സി ബുക്ക്, വായ്പയുടെ വിവരങ്ങൾ, സബ്സിഡി തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ എന്നിവയും ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് ഇപ്രകാരം പദ്ധതി നടപ്പാക്കിയത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി ചെലവഴിച്ച 750000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3(4) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - അധിക തുക അനുവദിച്ചു

പ്രോജക്ട് നം. – 19/18

വൗച്ചർ നം. - 224/01.07.2017

പാണാവള്ളി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിനായി തനത്ഫണ്ടിൽ നിന്നും 27,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം യൂണിഫോം (LP-800, U.P-800, H.S-1000) നോട്ട്ബുക്ക്, സ്റ്റേഷനറി (LP-300, U.P-400, H.S-500), കുട, ചെരിപ്പ്, ബാഗ് (LP-800, U.P-800, H.S-800) എന്നിങ്ങനെയാണ് തുക ചെലവഴിക്കാവുന്നത്. ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓരോയിനത്തിലും അനുവദിക്കാവുന്ന പരമാവധി തുകയിലുമധികം പല ഗുണഭോക്താക്കൾക്കും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം | പേര്, വിലാസം | ക്ലാസ് | ഹാജരാക്കിയ വൗച്ചർ പ്രകാരം നൽകാവുന്നത് | നൽകിയ തുക | അധികം നൽകിയ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | തുക |
| 1 | സന്തോഷ്, കോളവേലി | $7^{th}$ | 1600/-(800 x2) | 2,000/- | 400/- |
| 2 | മഹിളാമണി, കണ്ടഞ്ചേരി | $9^{th}$ | 2200/-(400+800 +1000) | 2,300/- | 100/- |
| 3 | സുനിത, കോളവേലി | $8^{th}$ | 800+800+500=2100 | 2,300/- | 2,00/- |
| 4 | കുഞ്ഞുമോൻ,<br>ഓഫീസ് പറമ്പ് കോളനി | $4^{th}$ | 800+800=1600/-<br>(യൂണിഫോം, കുട & ബാഗ്) | 1900/- | 300/- |
| 5 | ബിജു,<br>കോളവേലി ലക്ഷംവീട് | $9^{th}$ | 800+1000=1900<br>(യൂണിഫോം, കുട & ബാഗ്) | 2,300/- | 400/- |
| 6 | രമണി,<br>ഓഫീസ് പറമ്പ് കോളനി | $6^{th}$ | 80+800+800=1680 | 2,000/- | 320/- |
| 7 | സുഗിത, പൊന്നൂസ് വെളി, | $5^{th}$ | 800+800=1600/-<br>(യൂണിഫോം, കുട & ബാഗ്) | 1900 | 300/- |
| 8 | ലത,<br>ഓഫീസ് പറമ്പ് കോളനി | $4^{th}$ & 1 | 800+800<br>800+800<br>(യൂണിഫോം, കുട & ബാഗ്) | 1900 x2 =3800 | 600/- |
| 9 | മഞ്ജുഷ,<br>കോളവേലി ലക്ഷംവീട് | 9 | 500+800+ 800=2100/-<br>(സ്റ്റേഷനറി, യൂണിഫോം, കുട & ബാഗ്) | 2,300/- | 200/- |
| | | | ആകെ | | 2,820/- |

സർക്കാർ പഠനോപകരണ വിതരണത്തിനായി വിവിധ വിഭാഗങ്ങളിൽ നൽകാവുന്ന പരമാവധി തുക നിശ്ചയിച്ചിരിക്കെ അതുപരിഗണിക്കാതെയും ഗുണഭോക്താക്കൾ പഠനോപകരണങ്ങൾ വാങ്ങിയതിനായി ഹാജരാക്കിയ വൗച്ചറുകൾ പ്രകാരമല്ലാതെയും അനുവദിക്കാവുന്നതിലും അധികം നൽകിയത് ക്രമപ്രകാരമല്ല. ഈയിനത്തിൽ അധികം ചെലവഴിച്ച 2,820/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3(5) <u>അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ</u>

പാണാവള്ളി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികളിലായി താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**01. പി.എം.എ.വൈ. വിഹിതം**

(ബിൽ നം. – 5/17-18, Rs.658000/-, c/o – 06.07.17)

പി.എം.എ.വൈ വിഹിതമായി ബ്ലോക്ക് പഞ്ചായത്തിന് നൽകിയ 658000/- രൂപ ഗുണഭോക്താക്കളില്ലാത്തതിനാൽ ചെലവഴിക്കാൻ സാധിക്കില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചതിനാൽ പദ്ധതി തുക ഇന്ദിരാ ആവാസ് യോജന അധിക വിഹിതമായി മാറ്റി വിനിയോഗിക്കുവാൻ തീരുമാനിച്ച് ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക പഞ്ചായത്തിലെ IAY ഗുണഭോക്താക്കൾക്കായി വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

**02.പരമ്പരാഗത കൈത്തൊഴിലിന് ധനസഹായം**

(ബിൽ നം- 52/17-18, Rs.185000/-, c/o - 28.03.18 )

പദ്ധതിപ്രകാരം 38 ഗുണഭോക്താക്കൾക്ക് 5,000/- രൂപ നിരക്കിൽ കൈത്തൊഴിലിന് ധനസഹായം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖപ്രകാരം മിനിമം 5 പേരടങ്ങുന്ന ഗ്രൂപ്പിനായി മാത്രമാണ് ഈയിനത്തിൽ ധനസഹായം അനുവദിക്കാവുന്നത്. ഇത്തരം ഗ്രൂപ്പുകളിൽ 50% വനിതകളാവണം കൈത്തൊഴിലിനുള്ള ഒറ്റത്തവണ ധനസഹായം ഗ്രൂപ്പുകളുടെ പേർക്കാണ് നൽകേണ്ടത്. എന്നാൽ ഗ്രൂപ്പുകളുടെ പേർക്കല്ലാതെ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേക്ക് വ്യക്തിഗത ധനസഹായമായാണ് പദ്ധതി തുക നൽകിയിട്ടുള്ളത്. വാങ്ങിയ വസ്തുക്കളുടെ അളവോ വിലയോ രേഖപ്പെടുത്താതെ പദ്ധതിക്കായി തയ്യാറാക്കിയ കൈപ്പറ്റ് രസീതി മാത്രം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകിയിരിക്കുന്നത്. ഈ രീതിയിൽ പദ്ധതി നടപ്പാക്കിയതിന് സർക്കാരിൽ നിന്നും മുൻകൂർ/ പ്രത്യേക അനുവാദം വാങ്ങിയിട്ടില്ല പദ്ധതിക്കായി വാങ്ങിയ അസംസ്കൃത വസ്തുക്കളുടെ അളവോ വിലയോ സംബന്ധിച്ച വിവരങ്ങളിൽ സുതാര്യതയില്ലാത്തതും പദ്ധതി മോണിറ്ററിംഗ് സംബന്ധിച്ച വിശദാംശങ്ങളില്ലാത്തതും പദ്ധതി നിർവ്വഹണത്തിലെ പോരായ്മയാണ്.

**03.വീരമംഗലം - കുട്ടഞ്ചേരി സ്ട്രീറ്റ് ലൈൻ നീട്ടൽ**

(ബിൽ നം - 2/17-18, Rs.118110/-, c/o 30.06.17 )

പദ്ധതിപ്രകാരം ഡെപ്പോസിറ്റ് വർക്കിനായി 74,625/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.എസ്.ഇ.ബി ചേർത്തലക്ക് മുൻവർഷം നൽകിയിരുന്നു. ഈ പദ്ധതിയോടനുബന്ധിച്ച് തൻവർഷം വീരമംഗലം കുട്ടമ്മശ്ശേരി പൈന്തർ ലൈൻ നീട്ടലിനായി 118110/- രൂപ കൂടി നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ വിവരമോ പദ്ധതി സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി കരാറിലേർപ്പെട്ടതിന്റെ വിശദാംശങ്ങളോ മുൻവർഷം നൽകിയ തുകയുടെ വിനിയോഗവിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല.

**04.വടയനാട് സ്ട്രീറ്റ് ലൈൻ നീട്ടൽ**

(ബിൽ നം - 51/17-18, Rs.199479/-, c/o - 28.03.18 )

പദ്ധതിപ്രകാരം ഡെപ്പോസിറ്റ് വർക്കിനായി 199479/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.എസ്.ഇ.ബി ചേർത്തലക്ക് നൽകിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി കരാറിലേർപ്പെട്ടതിന്റെ വിശദാംശങ്ങളോ നൽകിയ തുകയുടെ വിനിയോഗവിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല.

**05.SNDP-മംഗലത്ത് സ്ട്രീറ്റ് ലൈൻ നീട്ടൽ**

(ബിൽ നം-32/17-18 Rs.142538/- c/o 19.02.18 )

പദ്ധതിപ്രകാരം ഡെപ്പോസിറ്റ് വർക്കിനായി 142538/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.എസ്.ഇ.ബി ചേർത്തലക്ക് നൽകിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി കരാറിലേർപ്പെട്ടതിന്റെ വിശദാംശങ്ങളോ നൽകിയ തുകയുടെ വിനിയോഗവിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല.

**06.എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്**

പ്രോജക്ട് നം-132/18

ഈ പദ്ധതിപ്രകാരം 20 എസ്.സി വിദ്യാർത്ഥികൾക്ക് 27,000/- രൂപ നിരക്കിലുള്ള ലാപ്ടോപ്പുകൾ വിതരണം നടത്തുന്നതിനായി Power CMS Technology, Tvm. എന്ന സ്ഥാപനത്തിന് 5,40,000/- രൂപ നൽകിയിട്ടുണ്ട് പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ രേഖകൾ പ്രകാരം 5 വർഷ വാറന്റിയാണ് നൽകിയ ലാപ്ടോപ്പുകൾക്ക നൽകേണ്ടത്. എന്നാൽ ലഭ്യമാക്കിയ ലാപ്ടോപ്പുകളിലും കമ്പനി വെബ്സൈറ്റിലും ഈ ഉത്പന്നത്തിന് 12 മാസവാറന്റി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബിൽ, കരാർ എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ള 5 വർഷ വാറന്റി നൽകുന്നതിനായി സ്ഥാപനം എക്സ്റ്റൻഡ് വാറന്റി എടുത്തതിന്റെ വിശദാംശങ്ങൾ പരിശോധനക്ക ലഭ്യമാക്കിയിട്ടില്ല. 5 വർഷ വാറന്റി ഉറപ്പുവരുത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3(6) ഭവനപുനരുദ്ധാരണം (എസ്.സി) -പണി പൂർത്തീകരിച്ച രേഖകൾ ലഭ്യമല്ല

**01. ഭവനപുനരുദ്ധാരണം (എസ്.സി) -S.O**

പ്രോജക്ട് നം-181/2018

ബിൽ നം-01/17-18 Rs.12,500/- c/o 30.06.17

ഈ പദ്ധതി പ്രകാരം പഞ്ചായത്ത് വികസന ഫണ്ട് (എസ്.സി.പി) യിൽ നിന്നും 12,500/- രൂപ ശ്രീമതി അംബിക, വലിയകരി, പാണാവള്ളി എന്ന ഗുണഭോക്താവിന്റെ ഭവനപുനരുദ്ധാരണത്തിന്റെ അവസാന ഗഡുവായി നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ആനുകൂല്യ വിതരണത്തിന്റെ അപേക്ഷകളുൾപ്പടെയുള്ള രേഖകൾ പരിശോധിച്ചതിൽ ടിയാൾ പ്രവൃത്തി പൂർത്തീകരിച്ച് വാല്യുവേഷൻ ലഭ്യമാക്കാതെയാണ് അവസാന ഗഡു നൽകിയിട്ടുള്ളതെന്ന് കണ്ടു. അവസാന ഗഡു അനുവദിക്കുന്നതിനായി ശ്രീമതി.അംബിക നൽകിയ അപേക്ഷയിൽ രണ്ടാംഘട്ട പണികൾക്കുള്ള അഡ്വാൻസ് നൽകുന്നതിനാണ് ആവശ്യപ്പെട്ടിട്ടുള്ളത് ഭവനപുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിച്ചതായ വാല്യുവേഷൻ ഹാജരാക്കാതെ അവസാനഗഡു അനുവദിച്ചത് ക്രമപ്രകാരമല്ല. കൂടാതെ ഫയൽ പരിശോധിച്ചതിൽ ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് തെരഞ്ഞെടുത്ത് അഡ്വാൻസ് തുകയായ 12,500/- രൂപ കൈപ്പറ്റിയ ശ്രീമതി. അമ്മിണി സന്തോഷ്, ചെറുമറ്റം പാണാവള്ളി എന്നയാൾ പണി പൂർത്തീകരിച്ച് വാല്യുവേഷൻ ഹാജരാക്കുകയോ കൈപ്പറ്റിയ പണം തിരിച്ചടക്കുവാൻ നൽകിയ രജിസ്റ്റേർഡ് നോട്ടീസ് കൈപ്പറ്റുകയോ ചെയ്തിട്ടില്ല. ഈ ഗുണഭോക്താവിന് നൽകിയ അഡ്വാൻസ് തിരികെ ഈടാക്കിയിട്ടുമില്ല.

**02.ഭവനപുനരുദ്ധാരണം (എസ്.സി) -**

പ്രോജക്ട് നം – 59/2018
ബിൽ നം – 46/17-18, Rs.25000/-, c/o – 26.03.18
ബിൽ നം – 48/17-18, Rs.25000/-, c/o – 28.03.18

ഈ പദ്ധതി പ്രകാരം പഞ്ചായത്ത് വികസന ഫണ്ട് (എസ്.സി.പി) യിൽ നിന്നും 50,000/- രൂപ വീതം ഭവനപുനരുദ്ധാരണ സഹായം കൈപ്പറ്റിയ ശ്രീമതി. അംബിക വേലപ്പൻ, കാരിച്ചിറ, പാണാവള്ളി വാർഡ് -12 ശ്രീമതി. രത്നമ്മ, സ്മിതാ നിവാസ്, വാർഡ് -1 എന്നീ ഗുണഭോക്താവിന്റെ ഭവനപുനരുദ്ധാരണത്തിന്റെ അവസാനഗഡു നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ആനുകൂല്യവിതരണത്തിന്റെ അപേക്ഷകളുൾപ്പടെയുള്ള രേഖകൾ പരിശോധിച്ചതിൽ ടി വ്യക്തികൾ പ്രവൃത്തി പൂർത്തീകരിച്ച് വാല്യുവേഷൻ ലഭ്യമാക്കാതെയാണ് അവസാനഗഡു നൽകിയിട്ടുള്ളത്.

ആവശ്യമായ രേഖകൾ ഇല്ലാതെ ധനസഹായം അനുവദിച്ചതിനാൽ ഈയിനങ്ങളിലെ ആകെ ചെലവായ 75000 രൂപ (12500+12500+25000+25000) തടസ്സപ്പെടുത്തുന്നു.

## 3-3(7) വനിതാ ശിശു വികലാംഗ ക്ഷേമം-- പ്രവർത്തനങ്ങൾ പരാജയം.

സമൂഹത്തിൽ അവശതയനുഭവിക്കുന്ന മാനസിക ശാരീരിക ബുദ്ധിമുട്ടുള്ളവർ, വനിതകൾ, ശിശുക്കൾ, വൃദ്ധൻമാർ തുടങ്ങിയവരുടെ ക്ഷേമപ്രവർത്തനത്തിൽ ആവശ്യമായ ശ്രദ്ധ നല്കാതെയുള്ള പദ്ധതി ആസൂത്രണമാണ് പഞ്ചായത്ത് നടത്തുന്നത്.

ഈ മേഖലയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുള്ള സ്റ്റാറ്റസ് റിപ്പോർട്ട് ഈ മേഖലയോടുള്ള അവഗണനയാണ് കാണിക്കുന്നത്.

വനിതാ വികസനവുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ടിൽ വനിതാ വികസനത്തിന്റെ പ്രശ്നം സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥ, തൊഴിലില്ലായ്മ എന്നിവയാണെന്നു പറയുന്നു. എന്നാൽ പ്രശ്ന പരിഹാര

മാർഗ്ഗമൊന്നും നിർദ്ദേശിച്ചിട്ടില്ല. സമ്പൂർണ്ണ വനിതാ വികസനം, തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കൽ കൗമാരക്കാർക്കും ഗർഭിണികൾക്കും പോഷകാഹാര വിതരണം തുടങ്ങിയവയാണ വികസന ലക്ഷ്യം എന്നാൽ ഇവ നടപ്പാക്കുന്നതിന് ക്രിയാത്മകമായ പദ്ധതികൾ ഒന്നും തന്നെ അംഗീകരിച്ച് നടപ്പാക്കിയതായി കാണുന്നില്ല.

അതുപോലെ സാമൂഹിക നീതിയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ടിൽ വികസന ലക്ഷ്യമായി പറയുന്നത ഭിന്നശേഷിക്കാരെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനുള്ള സമഗ്ര പരിപാടികൾ ബഡ്സ്കൂൾ അടിസ്ഥാന സൗകര്യ വികസനം എന്നിവയാണെങ്കിലും ഇതിനാവശ്യമുള്ള പ്രോജക്ടുകൾ വച്ചിട്ടില്ല.

സമൂഹത്തിൽ തീർത്തും ഒറ്റപ്പെടുന്ന ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി വേണ്ടുന്ന ചർച്ചകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ നടന്നിട്ടില്ല. പകരം അംഗൻവാടി നവീകരണം, അംഗൻവാടിക്കു സ്ഥലം വാങ്ങൽ ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങളെപറ്റിയുള്ള ചർച്ചകൾ മാത്രമാണ് നടന്നിട്ടുള്ളത് മാത്രമല്ല ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഒരു യോഗത്തിൽപോലും 2017/18 വർഷത്തിൽ ICDS സൂപ്പർവൈസറെ പങ്കെടുപ്പിക്കുകയോ ICDS സൂപ്പർവൈസറുടെ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.

അതുപോലെ വനിതാ ശിശുവികസന വർക്കിംഗ് ഗ്രൂപ്പും അംഗൻവാടി നവീകരണം എന്നതിൽ ഒതുങ്ങിയതായി കാണുന്നു. എന്നാൽ വൃദ്ധർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവരുമായി ബന്ധപ്പെട്ട സാമൂഹ്യ ക്ഷേമ വർക്കിംഗ് ഗ്രൂപ്പിൽ ചില നിർദ്ദേശങ്ങൾ വന്നിരുന്നെങ്കിലും ഇതു പരിഗണിച്ച് പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എല്ലാ ഘട്ടങ്ങളിലും ശക്തമായ പരിശോധനകൾക്ക വിധേയമാക്കുന്നതാണെന്നും ഇതിലേക്ക് അയൽ സഭ മുതൽ സ്റ്റാന്റിംഗ് കമ്മറ്റി വരെയുള്ള സംവിധാനങ്ങൾ ഉപയോഗിക്കുന്നതാണെന്നും അന്തിമ പദ്ധതി രേഖയിൽ പറയുന്നുണ്ടെങ്കിലും ഇതു നടന്നതായി കാണുന്നില്ല.

വികസന രേഖപ്രകാരം ഭിന്നശേഷിയുള്ളവർ 92 പേരും ശാരീരിക വൈകല്യമുള്ളവർ 251 പേരുമുണ്ട്. അതുപോലെ 70 – 79 വയസ്സിനിടയിൽ പ്രായമുള്ളവർ 1830 പേരും, 80 വയസ്സിനു മുകളിൽ പ്രായമുള്ളവർ 516 പേരും ഉണ്ട് വികസന രേഖയിൽ ചൂണ്ടിക്കാണിക്കുന്ന പ്രശ്നങ്ങൾ വൃദ്ധർ, ഭിന്നശേഷിക്കാർ എന്നിവരുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഉല്ലാസത്തിനും ഉതകുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഇല്ല എന്നും ഉപകരണങ്ങൾ കാര്യമായി വിതരണം ചെയ്യുവാൻ സാധിച്ചിട്ടില്ല എന്നും മറ്റുമാണ്. ഇതിനു പരിഹാരമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത് പദ്ധതി രൂപീകരണത്തിനു മുന്നോടിയായി ഭിന്നശേഷിയുള്ള ആളുകളുടെ പ്രതിനിധികൾ അംഗപരിമിതരായ ആളുകൾ എന്നിവരുമായി ക്രിയാത്മകമായ ചർച്ചയിലൂടെ അവരുടെ പ്രശ്നങ്ങൾ മനസിലാക്കി പദ്ധതി രൂപീകരിക്കണമെന്നും ഇവർക്ക് ഉപകരണങ്ങൾ ലഭ്യമാക്കണമെന്നും ആണ്.

എന്നാൽ 07-08-2017ൽ ചേർന്ന പ്രത്യേക ഗ്രാമസഭയിൽ ഇത്തരം ആളുകൾക്ക് സ്വയം തൊഴിലിനു സഹായം ചെയ്യുക, സൈഡ് വീൽ സ്കൂട്ടർ നൽകുക, മറ്റ് ഉപകരണങ്ങൾ വിതരണം ചെയ്യുക എന്നിവ ആവശ്യപ്പെട്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട യാതൊരു പ്രോജക്ടും അംഗീകരിക്കാതെ ഈ വിഭാഗം ജനതയെ അവഗണിക്കുകയാണുണ്ടായത്.

07-06-2017 ചേർന്ന പഞ്ചായത്ത് കമ്മറ്റിയുടെ 26(1) നിശ്ചയപ്രകാരം ശ്രീ. സതീശൻ എന്നയാളുടെ കുട്ടിക്ക കേൾവി ശക്തിയില്ലാത്തതിനാൽ അംഗീകൃത ഗവ. ഡോക്ടറുടെ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറക്ക് 9500/- രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കാൻ തീരുമാനിക്കുകയുണ്ടായി. ഇത് ഭിന്നശേഷിക്കാരുടെ ഗ്രാമസഭയുടെ കാര്യശേഷിക്കുറവും മെഡിക്കൽ ക്യാമ്പ് നടത്താത്തതിന്റെയും പ്രശ്നമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

അതുപോലെ സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തല -വാർഡ് തല ജാഗ്രതാസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇതിനായി അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെ ഒരുക്കിയിട്ടില്ല മാത്രമല്ല പ്രവർത്തനങ്ങൾ നടത്തുന്നുമില്ല.

30-01-2018 ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റിയുടെ 16(1) തീരുമാനപ്രകാരം ശ്രീമതി. ശാന്ത, മിനിഭവനത്തിന്റെ പരാതി ചർച്ച ചെയ്ത് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ പരാതിക്കാരിയേയും എതിർ കക്ഷിയേയും വിളിച്ച് പ്രശ്ന പരിഹാരത്തിന് ശ്രമം നടത്തണമെന്ന് തീരുമാനിച്ചതായി കാണുന്നു. സ്ത്രീകൾ

പരാതിക്കാരാകുമ്പോൾ പ്രശ്ന പരിഹാരത്തിന് ജാഗ്രതാ സമിതിയാണ് ഉചിതം എന്നിരിക്കേ ഇത്തരത്തിലൊര
തീരുമാനം പഞ്ചായത്ത് കമ്മറ്റിക്ക് എടുക്കേണ്ടിവന്നത് ജാഗ്രതാസമിതിയുടെ ബലഹീനതയാണ കാണിക്കുന്നത്.

സമൂഹത്തിൽ അവശതയനുഭവിക്കുന്ന മാനസിക ശാരീരിക ബുദ്ധിമുട്ടുള്ളവർ, വനിതകൾ, ശിശുക്കൾ, വൃദ്ധൻമാർ
തുടങ്ങിയവരുടെ ക്ഷേമപ്രവർത്തനത്തിൽ ആവശ്യമായ ശ്രദ്ധ ചെലുത്തി പദ്ധതികൾ ആസൂത്രണം
ചെയ്യേണ്ടതാണ്.

## 3-3(8) ഭവന പുനരുദ്ധാരണം - മുൻകൂർ കൈപ്പറ്റി - പ്രവൃത്തി പൂർത്തിയാക്കിയില്ല

വി.ഇ.ഒ., തൃച്ചാറ്റുകുളം നിർവ്വഹണ ഉദ്യോഗസ്ഥയായി 2017-18 വർഷം നടപ്പാക്കിയ ഭവന പുനരുദ്ധാരണം ജനറൽ (പ്രോജക്റ്റ് നം. S0064/18) എന്ന പ്രോജക്ടിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ മുൻകൂർ തുക കൈപ്പറ്റിയ ശേഷം പ്രവൃത്തി പൂർത്തിയാക്കിയില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ മുൻകൂർ | ബിൽ നം./തീയതി |
|---|---|---|---|
| 1 | ഏലിക്കുട്ടി, കുഴിപ്പള്ളിച്ചിറ | 12000 | 4/17-18/24.10.2017 |
| 2 | സിദ്ധാർത്ഥൻ, ഇടിക്കുമാരശേരി | 12000 | 1/17-18/10.10.2017 |
| 3 | വിജയമ്മ, തോട്ടുപുറത്ത് | 12000 | 2/17-18/19.10.2017 |
| 4 | അല്ലി, മറ്റത്തിൽ | 12000 | 14/17-18/11.01.2018 |
| 5 | ഓമന, ഭുവനേശ്വരം | 12000 | 2/17-18/19.10.2017 |
| 6 | വിജയൻ, കുളത്താക്കൽ | 12000 | 17/17-18/27.01.2018 |
| 7 | ഗീത, കാർത്തിക | 12000 | 14/17-18/11.01.2018 |
| 8 | അമ്മിണി, ആഞ്ഞിലിശേരി | 12000 | 12/17-18/06.01.2018 |

ഭവനപുനരുദ്ധാരണം പൂർത്തിയാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ മുൻകൂർ പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-4 ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ

## 3-4(1) തനത് ഫണ്ട് ചെലവ്- അപാകതകൾ

പഞ്ചായത്തിൻെറ 2017-18 വർഷത്തെ തനത്ഫണ്ട് ചെലവുകൾ പരിശോധിച്ചതിൽ ഓഡിറ്റിൻെറ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട വാർഡ്തല ഉദ്ഘാടനത്തിനായി 88500/-രൂപ (വൗച്ചർ നം.21700351, തീയതി. 9.8.17) തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഹാജരാക്കിയ ചെലവ് രേഖകൾ പ്രകാരം രണ്ടാം വാർഡിന് 3500/-രൂപയും മറ്റെല്ലാ വാർഡുകൾക്കും 5000/- രൂപ വീതവും 7.6.17 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 25-ാം നമ്പർ തീരുമാനപ്രകാരം അതാത് വാർഡ് മെമ്പർമാർക്ക് നൽകിയിട്ടുണ്ട്. 25.11.16 ലെ സർക്കാർ ഉത്തരവ് (സാ.ധാ.) നം. 3233/2016 പ്രകാരം ഹരിത കേരളം പദ്ധതിയുടെ ആദ്യഘട്ട പരിപാടികൾക്കായി ഓരോ വാർഡിലും 5000/- രൂപ വീതം ചെലവഴിക്കാവുന്നതാണ്. ഹരിതകേരളം മിഷൻ ക്യാമ്പയിൻെറ ആദ്യഘട്ട പ്രവർത്തനങ്ങൾ എന്ന നിലയിൽ 2016 ഡിസംബർ മാസം 8ാംതീയതി ഉടക്കം കുറിക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് 25.11.16 ൽ പുറത്തിറങ്ങിയ സർക്കുലറിൽ പ്രതിപാദിക്കുന്നുണ്ട്

ആയതിൻ പ്രകാരം ജലസ്രോതസ്സുകളുടെ സംരക്ഷണം, പരിസര ശുചിത്വം, മാലിന്യ സംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഹാജരാക്കിയ ചെലവ് രേഖകൾ പ്രകാരം 2016 ഡിസംബർ മാസം 8-ാം തീയതി ഓരോ വാർഡിലും തുടക്കം കുറിച്ച പരിപാടിയിൽ ഊണ് ചായ, ഫോട്ടോ എന്നിവയ്ക്കാണ് 5000/- രൂപ വീതം ചെലവഴിച്ചിട്ടുള്ളത്. ഹാജരാക്കിയ ഫോട്ടോയിൽ എല്ലാം തന്നെ പരമാവധി 15 പേരിൽ താഴെയാണ് പരിപാടിയിൽ പങ്കെടുത്തിട്ടുള്ളത്. കൂടാതെ പല ബില്ലുകളിലും തിരുത്തൽ വരുത്തിയതായി കാണുന്നു. മിക്ക വാർഡുകളിലും 250/- മുതൽ 300/-രൂപ വരെ ഫോട്ടോ എടുക്കുന്നതിനായി ചെലവഴിച്ചപ്പോൾ മറ്റു ചില വാർഡുകളിൽ 1000/- രൂപയാണ് ഇതേ സ്റ്റുഡിയോയിൽ ഫോട്ടോയ്ക്കായി നൽകിയിട്ടുള്ളത്. ഹോട്ടൽ, സ്റ്റുഡിയോ എന്നീ സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതായി രേഖകളില്ല. 1000/- രൂപയ്ക്ക് മുകളിലുള്ള പണമിടപാടുകൾ ബാങ്ക് അക്കൗണ്ടുവഴി നടത്തണമെന്നിരിക്കെ അപ്രകാരമല്ല തുക നൽകിയിട്ടുള്ളത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ ടി തുക ചെലവഴിച്ചിരിക്കുന്നത് വാർഡ് മെമ്പർമാരാണെന്നും എല്ലാ വാർഡുകളിലും ശുചീകരണ പ്രവർത്തനങ്ങൾ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് കമ്മിറ്റിക്ക് ബോധ്യമായിട്ടുള്ളതിനാൽ 7.6.17 ലെ കമ്മിറ്റിയുടെ 25-ാം നമ്പർ തീരുമാനപ്രകാരം ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് 5000/- രൂപ വീതം നൽകുകയാണ് ചെയ്തതെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം പ്രവർത്തനങ്ങൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. തളിയാപറമ്പ് LP സ്കൂളിലെ മാലിന്യം നീക്കം ചെയ്യുന്നതിനായി 8201/- രൂപയും പെരുമ്പളം ജെട്ടി ഡ്രെയിനേജ ക്ലീനിങ്ങുമായി ബന്ധപ്പെട്ട് 7605/- രൂപയും ഉൾപ്പെടെ 15806/- രൂപ പെറ്റി വർക്കുകൾക്കായി വൗച്ചർ നം 523, തീയതി. 10.10.17 പ്രകാരം അസി. എൻജിനീയർക്ക് നല്കിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റോ, വാല്യുവേഷനോ ഫയലിൽ ഇല്ല. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇത സംബന്ധിച്ച രേഖകൾ അസി. എഞ്ചിനീയറുടെ ഓഫീസിലാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട് രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3. കേരളോത്സവവുമായി ബന്ധപ്പെട്ട് സ്പോർട്സ് ഉപകരണങ്ങൾ, ട്രോഫി തുടങ്ങിയവ ചേർത്തലയിലെ സിറ്റി സ്പോർട്സ് എന്ന സ്ഥാപനത്തിൽ നിന്നും 10010/- രൂപയ്ക്ക് (ബിൽ നം. 376, 377, തീയതി. 13.10.17) ക്വട്ടേഷൻ ക്ഷണിക്കാതെയാണ് വാങ്ങിയിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങളുടെ പർച്ചേസുമായി ബന്ധപ്പെട്ട് പ്രോക്യയർമെൻറ മാന്വൽ 2010 പ്രകാരം 5000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങണമെന്നിരിക്കെ അപ്രകാരമല്ലാതെയാണ് വാങ്ങിയിട്ടുള്ളത്. കൂടാതെ ഇവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഭാവിയിൽ ഇത്തരം പർച്ചേസുകൾ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 3-4(2) ആയുർവേദ മരുന്നുകൾ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവ്വഹണ ഉദ്യോഗസ്ഥയായി ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ (നം. S0017/18) എന്ന പ്രോജക്ടിൽപ്പെടുത്തി 1000000/- രൂപ മരുന്നു വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട് സ്ഥാപനം 1000000/- രൂപയുടെ മരുന്നു ലഭ്യമാക്കിയതിന്റെ ഇൻവോയ്സുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും 90058530/18.03.2018 ഇൻവോയ്സിൽ ഉൾപ്പെട്ട Dhurdhurapathradi Co-Oil 450ml 30 എണ്ണം @186/- സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നം. 9/26.12.2018)മരുന്നുകൾ ലഭ്യമാക്കാമെന്ന് ഔഷധിയിൽ നിന്നും അറിയിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട് മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. 5580/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

*ചെലവ്:*

ബിൽ നം. 1/17-18, തീയതി. 27.09.2017, 500000/-
ബിൽ നം. 2/17-18, തീയതി. 27.09.2017, 500000/-

## 3-4(3) പാലിയേറ്റീവ് കെയർ

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി ഗ്രാമ പഞ്ചായത്തിൽ പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റി മൂന്ന് മാസത്തിലൊരിക്കലെങ്കിലും കൂടി തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനമെടുക്കേണ്ടതുമാണ് എന്നാൽ 16.12.2017, 30.03.2018 തീയതികളിൽ മാത്രമാണ് മാനേജ്മെന്റ് കമ്മറ്റി യോഗം ചേർന്നിട്ടുള്ളതെന്ന് കാണുന്നു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ പാലിയേറ്റിവ് പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയോ പ്രവർത്തനങ്ങൾ വിലയിരുത്തുകയോ ചെയ്തിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ വർഷത്തിലൊരിക്കൽ പ്രത്യേക അജണ്ടയായി പാലിയേറ്റിവ് പ്രവർത്തനം വിലയിരുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണെങ്കിലും ഇപ്രകാരം ഭരണസമിതി ചർച്ച നടത്തുകയോ പ്രവർത്തനം വിലയിരുത്തുകയോ ചെയ്തിട്ടില്ല. പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടുതൽ സജീവവും കാര്യക്ഷമവുമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടേയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4(4) <u>പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭിച്ചില്ല</u>

ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ പാലിയേറ്റീവ് കെയർ (S0070/18) എന്ന പ്രോജക്ടിനായി വികസന ഫണ്ട് 426150/- രൂപയും ബ്ലോക്ക് വിഹിതം 200000/- രൂപയും ഉൾപ്പെടെ 626150/- രൂപയാണ് വകയിരുത്തിയത് പാലിയേറ്റിവ് പ്രവർത്തനങ്ങൾക്ക് മരുന്നുവാങ്ങുന്നതിനായി 190001/- രൂപ ചെലവഴിച്ചെങ്കിലും മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/24.12.2018) ഇതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല എന്നാണ് മെഡിക്കൽ ഓഫീസർ പി.എച്ച്.സി. അറിയിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 190001/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | സ്ഥാപനം | തുക | ബിൽ നം / ചെക്ക് നം/ തീയതി |
|---|---|---|---|
| 1 | ഔഷധി | 50000 | 7/17-18 22.12.17 |
| 2 | KMSCL | 85000 | 8/17-18 12.01.18 |
| 3 | “ | 55001 | 2752805/06.03.2018 |
| | ആകെ | 190001 | |

ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദുരിതമനുഭവിക്കുന്നവർക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ ഈ പ്രോജക്ടിനാവശ്യമായ മരുന്നുകൾ ഇതുവരെ ലഭ്യമാക്കാത്തത് ഗൗരവമായി വീക്ഷിക്കേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4(5) <u>പ്രീ-പ്രൈമറി ജീവനക്കാരുടെ വേതനം - രേഖകൾ ഹാജരാക്കിയില്ല</u>

ഗ്രാമ പഞ്ചായത്തിലെ മൂന്നു സ്കൂളുകളിൽ സേവനം അനുഷ്ഠിക്കുന്ന പ്രീ പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും വേതനം നൽകുന്നതിനായി തനതുഫണ്ടിൽ നിന്നും 390000/- രൂപ വകയിരുത്തി അംഗീകാരം ലഭിച്ച പ്രോജക്ടാണ് പ്രീ-പ്രൈമറി ജീവനക്കാരുടെ വേതനം (പ്രോജക്ട് നം. S0069/18). 2017-18 വർഷം വേതനം നൽകുന്നതിനായി 390000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ജീവനക്കാരുടെ വിവരം, നിയമനം നടത്തിയതിന്റെ രേഖകൾ, നിയമനം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതിന്റെ രേഖ, അറ്റൻഡൻസ്, ബാങ്ക് അക്കൗണ്ട് സംബന്ധമായ രേഖകൾ, തുകയുടെ കൈപ്പറ്റ് രേഖകൾ മുതലായവ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/24.12.2018) പ്രീ- പ്രൈമറി വിഭാഗം ജീവനക്കാരെ അതത് സ്കൂളിലെ പി.ടി.എ കമ്മറ്റികളാണ് തീരുമാനിക്കുന്നതെന്നും നിലവിലെ ടീച്ചർമാരും ആയമാരും കഴിഞ്ഞ അഞ്ച് വർഷത്തിലധികമായി പ്രവർത്തിച്ചുവരുന്നവരാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. പി.ടി.എ നിയമനം നടത്തുന്നവർക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം നൽകുന്നതെന്തിനെന്ന് വ്യക്തമല്ല. ഇക്കാരണത്താലും രേഖകൾ ഹാജരാക്കാത്തതിനാലും 390000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

*ചെലവിന്റെ വിശദാംശം*

ചെക്ക് നം. 2006320/13.09.2017 - 186000/-

ചെക്ക് നം. 6277646/16.12.2017 - 102000/-

ചെക്ക് നം. 9193326/01.03.2018 - 102000/-

## 3-4(6) സാക്ഷരത തുല്യതാപഠനം ഫീസ് നൽകൽ - രേഖകൾ ഹാജരാക്കിയില്ല

സാക്ഷരത തുല്യതാപഠനം ഫീസ് നൽകൽ (പ്രോജക്ട് നം. S0173/18) എന്ന പ്രോജക്ടിനായി തനതുഫണ്ടിൽ നിന്നും 18000/- രൂപ വകയിരുത്തിയിരുന്നു. പ്രോജക്ടിനായി ചെക്ക് നം. 2194101/14.09.2017 പ്രകാരം 18000/- രൂപ സാക്ഷരതാമിഷന് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് രസീത്, പഠിതാക്കളുടെ വിവരങ്ങൾ പഠിതാക്കളുടെ രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ, അറ്റൻഡൻസ് മുതലായവ ഹാജരാക്കിയില്ല. പ്രസ്തുത രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 6/24.12.2018) നൽകിയെങ്കിലും ഹാജരാക്കിയില്ല. അതിനാൽ 18000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4(7) ഖരമാലിന്യസംസ്കരണം

ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 06.05.2017- ലെ തീരുമാനം 4 പ്രകാരം പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് കരട് ബൈലോ അംഗീകരിച്ചു. കരട് ബൈലോ സർക്കാരിലേക്ക് അംഗീകാരത്തിന് അയച്ചുവെങ്കിലും അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശിച്ച് തിരികെ ലഭിച്ചിട്ടുള്ളതായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിൽ മാലിന്യസംസ്കരണ പ്ലാന്റ് പ്രവർത്തിക്കുന്നില്ല. ജൈവ അജൈവ മാലിന്യങ്ങളുടെ അളവ്, ഉറവിടങ്ങൾ, നിർമ്മാർജ്ജന സാധ്യതകൾ എന്നിവയെപ്പറ്റി ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി പഠനം നടത്തിയിട്ടില്ല. പ്ലാസ്റ്റിക് മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിന്ഹരിത കർമ്മസേന രൂപീകരിക്കുകയും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് കൈയൊഴിയുന്നതിന് പ്രാരംഭ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശേഖരിച്ച ഖരമാലിന്യം സ്വീകരിക്കുന്നതിന് ഏജൻസികൾ തയ്യാറാകാത്തതിനാൽ പദ്ധതിയുടെ പ്രവർത്തനം സുഗമമായി മുന്നോട്ടുപോകുന്നില്ല. ഖരമാലിന്യ നിർമ്മാർജ്ജനം ഫലപ്രദമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 255000 | നെൽകൃഷി | 255000 | 0 |
| തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 170000 | പച്ചക്കറികൃഷി | 170000 | 0 |
| തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | സാന്ത്വന പരിചരണം | 119199 | 80801 |
| തൈക്കാട്ടുശ്ശേരി ബ്ലോക്ക് | 2017-18 | 200000 | ബഡ്സ് സ്കൂൾ പ്രവർത്തന വിഹിതം | 124074 | 75926 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 900000 | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ | 900000 | 0 |
| തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | പാലിന് സബ്സിഡി | 300000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ ചെക്ക് നം. തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കാരിച്ചിറ റോഡിൽ കുടിവെള്ള പൈപ്പ് ഷിഫ്റ്റിംഗ് | 21701030/07.03.2018 | 14000 | 0 | 14000 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 37/17-18/06.01.2018 | 37444 | 0 | 37444 |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റൽ കാരിച്ചിറ റോഡ് | 38/17-18/06.01.2018 | 12594 | 0 | 12594 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ നീട്ടൽ | 51/17-18/28.03.2018 | 199479 | 0 | 199479 |
| കെ.എസ്.ഇ.ബി | SNDP മംഗലത്ത് റോഡിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 32/17-18/19.02.2018 | 142538 | 0 | 142538 |
| കെ.എസ്.ഇ.ബി | വീരമംഗലം - കുട്ടഞ്ചേരി റോഡിൽ ലൈൻ നീട്ടൽ | 02/17-18/30.06.2017 | 118110 | 0 | 118110 |
| കെ.എസ്.ഇ.ബി | വൈദ്യുത ലൈൻ നീട്ടൽ | 2752803/26.09.2017 | 900000 | 0 | 900000 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

--ഇല്ല--

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 35037/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2015-16 | 3-1 | 1263 | ശ്രീ. ജയറാം നായ്ക്കൻ, അസി. സെക്രട്ടറി | സാലറി ഡിഡക്ഷൻ |
| | | 870 | ശ്രീ. കപിൽ ദേവ്, സീനിയർ ക്ലർക്ക് | |
| | | 769 | ശ്രീ. ധനീഷ്, ക്ലർക്ക് | |
| | | 609 | ശ്രീമതി. ഷമീന, ഓഫീസ് അറ്റൻഡന്റ് | |
| | | 435 | ശ്രീ. വിശ്വംഭരൻ, പാർട്ട് ടൈം ഫെറിമാൻ | |
| | | 372 | ശ്രീമതി. സുധാമണി, പി.റ്റി.എസ് | |
| 2016-17 | 3(2) | 2250 | ശ്രീമതി.രഞ്ജിത, ടെക്നിക്കൽ അസിസ്റ്റന്റ് | 117010101652/05.06.2017 |
| 2016-17 | 3(7) | 2000 | ശ്രീ. ജയറാം നായ്ക്കൻ, അസി. സെക്രട്ടറി | സാലറി ഡിഡക്ഷൻ |
| 2016-17 | 2-1(1) | 10360 | പ്രിൻസിപ്പാൾ, എസ്. എൻ. കോളേജ് | 117010106823/28.03.2018 |
| 2015-16 | 2-1(1) | 5400 | ഫുഡ്കോ ഡെലിക്കസീസ് | 117010106978/31.03.2018 |
| 2016-17 | 2-1, 2-4(1)എ | 10709 | ശ്രീ. ജയറാം നായ്ക്കൻ, അസി. സെക്രട്ടറി | സാലറി ഡിഡക്ഷൻ |
| **ആകെ** | | **35037** | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-1 | 2016-17 | 2-1 | തൊഴിൽ നികുതി | പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും അറിയിപ്പ് നൽകിയിട്ടുണ്ട് |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 113834723 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 86929660 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 3965 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 179879 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5835102 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1(1) (1) | 2288 | | അജ്മൽ. ജെ, സെക്രട്ടറി |
| 2-1(8) (2) | 1677 | | അജ്മൽ. ജെ, സെക്രട്ടറി |
| 3-2(1) | | 104242 | മൈഥിലീദേവി, എച്ച്. എം |
| 3-2(2) | | 60000 | സിന്ധു. എം., കൃഷി ഓഫീസർ |
| 3-3(1) | | 15637 | പൊന്നമ്മ. കെ. ജെ, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| **ആകെ** | **3965** | **179879** | |

**തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-2(1) | 1223146 | മൈഥിലീദേവി, എച്ച്. എം |
| 3-2(3) | 93440 | അജ്മൽ. ജെ, സെക്രട്ടറി |
| 3-2(4) | 1706950 | സിന്ധു. എം, കൃഷി ഓഫീസർ |
| 3-2(7)(4) | 900000 | അജ്മൽ. ജെ, സെക്രട്ടറി |
| 3-2(8) | 168148<br>362017 | അജ്മൽ. ജെ, സെക്രട്ടറി<br>പ്രസന്നകുമാരി. എൽ, സെക്രട്ടറി |
| 3-3(2) | 25000 | സജിത. എസ്, എൽ.വി.ഇ.ഒ |
| 3-3(3) | 750000 | ജയറാം നായ്ക്കൻ, അസി. സെക്രട്ടറി |
| 3-3(4) | 2820 | ജയറാം നായ്ക്കൻ, അസി. സെക്രട്ടറി |
| 3-4(2) | 5580 | ഡോ. ദിവ്യ. സി. ബി, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-4(4) | 190001 | ഡോ. അരുൺ മിത്ര, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-4(5) | 390000 | മൈഥിലീദേവി, എച്ച്. എം |
| 3-4(6) | 18000 | മൈഥിലീദേവി, എച്ച്. എം |
| **ആകെ** | **5835102** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

--ഇല്ല--

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

--3-2(1)--

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അജ്മൽ.ജെ,<br>സെക്രട്ടറി | സെക്രട്ടറി,<br>ചൂരനാട് സൗത്ത് പഞ്ചായത്ത് | ഐക്കര പുത്തൻവീട്,<br>കരുനാഗപ്പള്ളി.പി.ഒ, കൊല്ലം |
| മൈഥിലീദേവി,<br>ഹെഡ് മിസ്ട്രസ്, | ഹെഡ് മിസ്ട്രസ്,<br>തൃച്ചാറ്റുകുളം എൽ.പി.എസ് | മംഗലത്ത്,<br>അരൂക്കുറ്റി പി.ഒ., |
| സിന്ധു.എം,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>പാണാവള്ളി ഗ്രാമ പഞ്ചായത്ത് | കൗസ്തുഭം,<br>സി.എം.സി.-12, ചേർത്തല |
| പൊന്നമ്മ.കെ.ജെ,<br>ഫിഷറീസ് സബ് ഇൻസ്പെക്ടർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ,<br>പാണാവള്ളി ഗ്രാമ പഞ്ചായത്ത് | മണിയല,<br>കുലശേഖരമംഗലം പി.ഒ., വൈക്കം |
| പ്രസന്നകുമാരി.എൽ, സെക്രട്ടറി | സെക്രട്ടറി,<br>ഏഴിക്കര ഗ്രാമ പഞ്ചായത്ത് | ഗോപാലകൃഷ്ണ മന്ദിരം,<br>വയലാർ പി.ഒ., ചേർത്തല |
| സജിത.എസ്,<br>എൽ.വി.ഇ.ഒ | എൽ.വി.ഇ.ഒ.,<br>തൈക്കാട്ടുശ്ശേരി പഞ്ചായത്ത് | പുതിയാട്,<br>കെ.ആർ.പുരം (പി.ഒ), ചേർത്തല |
| ജയറാം നായ്ക്കൻ, അസി.സെക്രട്ടറി | സെക്രട്ടറി,<br>തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത്,<br>മലപ്പുറം | തേരകത്ത് പറമ്പ്,<br>കുത്തിയതോട്, ചേർത്തല |

| | | |
|---|---|---|
| ഡോ. ദിവ്യ. സി. ബി,<br>മെഡിക്കൽ ഓഫീസർ (ആയുർവേദം) | മെഡിക്കൽ ഓഫീസർ,<br>ആയുർവേദ ഡിസ്പെൻസറി,<br>പാണാവള്ളി ഗ്രാമ പഞ്ചായത്ത് | ചാണിപ്പറമ്പ്, പള്ളുരുത്തി പി.ഒ |
| ഡോ.അരുൺ മിത്ര,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)<br>പാണാവള്ളി ഗ്രാമ പഞ്ചായത്ത് | വേലുത്തറ ഹൗസ്,<br>അരൂക്കുറ്റി. പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ 5-832/11 , തീയതി. 31.01.2015 |
| 2006-07 | എൽ.എഫ്. പി 9-279/11, തീയതി. 11.08.11/05.09.11 |
| 2007-08 | എൽ.എഫ്.പി 9-280/11, തീയതി. 11.08.11/05.09.11 |
| 2008-09 | എൽ.എഫ്.പി 9-491/12, തീയതി. 16.07.12/08.08.12 |
| 2009-10 | എൽ.എഫ്.പി 9-491/12, തീയതി. 16.07.12/08.08.12 |
| 2010-11 മുതൽ 2012-13 വരെ | എൽ.എഫ്.പി 9-1097/13, തീയതി. 15.03.14/13.06.14 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി9-1579/15, തീയതി.23.12.15/30.12.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി9-825/16, തീയതി.28.07.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി9-21/2017, തീയതി.12.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി9-1116/2017, തീയതി.22.08.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

# <u>അനുബന്ധം 1</u>

നം.കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(58)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ
തീയതി : 06.07.2018

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.
.
.
.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# <u>അനുബന്ധം 2</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ